# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



ആഗസ്റ്റ് 15 – പരിശുദ്ധ ദൈവമാതാവിന്റെ
സ്വർഗ്ഗാരോപണത്തിരുനാൾ

Vol. LXXII August 2022 No. 8



ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ
അൽഫോൻസാമ്മയുടെ തിരുനാളിന് അഭിവന്ദ്യ പിതാക്കന്മാർ കൊടിയേറ്റുന്നു.



ദുക്റാനതിരുനാളിനോടനുബന്ധിച്ച് അരുവിത്തുറ ഫൊറോനയിൽ പാലാ രൂപത എ.കെ.സി.സിയുടെ
നേതൃത്വത്തിൽ നടന്ന സഭാദിനാചരണം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



ഇംഫാൽ മുൻ ആർച്ചുബിഷപ് റൈറ്റ് റവ. ഡോ. ജോസഫ് മിറ്റത്താനിയുടെ ഭൗതികദേഹത്തിനരികിൽ
മോൺ. ജോസഫ് മലേപറമ്പിലിന്റെ കാർമ്മികത്വത്തിൽ രൂപതാപ്രതിനിധിസംഘം ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുന്നു.

2022 ആഗസ്റ്റ് 15 ന് മെത്രാഭിഷേകത്തിന്റെ
സുവർണജൂബിലി വർഷത്തിലേക്കു പ്രവേശിക്കുന്ന

**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്**

# പ്രാർത്ഥനാശംസകൾ



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**AUGUST 2022**
**Vol. LXXII No. 8**

# CONTENTS


കെ.സി.ബി.സി. സർക്കുലർ ........................................................ 593

കെ.സി.ബി.സി. സർക്കുലർ ........................................................ 599

അറിയിപ്പുകൾ ........................................................................ 607

Collection List .................................................. 609

അറിയിപ്പുകൾ ........................................................................ 614

ലേഖനം ................................................................................ 619

വാർത്തകൾ ............................................................................ 623

ആദരാഞ്ജലികൾ .................................................................. 660

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................ 662

Ref: 3736/K-5/KCBC/OL/DS 21.07.2022

# തടവറപ്രേഷിതഞായർ

## 2022 ആഗസ്റ്റ് 14 ഞായർ

## സമഗ്ര മാനുഷികവികാസവും തടവുകാരുടെ അജപാലനവും

യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2021 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിച്ച ലോക തടവറ ജനസംഖ്യാ (World Prison Population List) കണക്കുപ്രകാരം ലോകമാസകലം 11.5 ദശലക്ഷം തടവുകാരാണുള്ളത്. ഭാരതത്തിൽത്തന്നെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 1306 വ്യത്യസ്ത ജയിലുകളിലായി 4,88,511 തടവുകാരാണ് ഉള്ളത്. ഇതിൽ 413 പേർ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നവരാണ്. തടവുകാരിൽ 20,046 പേർ സ്ത്രീകളാണ്; 1427 കുട്ടികൾ അവരുടെ അമ്മമാരോടൊപ്പം താമസിക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർ ആരെങ്കിലും അഴിക്കുള്ളിലായിപ്പോയാൽ നമ്മൾ എന്തു ചെയ്യും? അതിന്റെ ആഘാതം നമ്മിൽ എത്രയോ വലുതായിരിക്കും! നമ്മുടെ ഭവനങ്ങളിൽ സ്വസ്ഥമായിരുന്നു പ്രാർത്ഥിക്കുകമാത്രമായിരിക്കുമോ നാം ചെയ്യുക? അവരുടെ മോചനത്തിനായി ചെയ്യാവുന്നതൊക്കെ ചെയ്യാൻ നമ്മൾ ശ്രമിക്കാതിരിക്കുമോ? നാം തടവറപ്രേഷിതഞായർ ആചരിക്കുമ്പോൾ ഈ തടവറമക്കളെയെല്ലാം നമുക്ക് ഓർക്കാം; അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. അവരെ അന്വേഷിക്കാനും ശുശ്രൂഷിക്കാനും മോചിപ്പിക്കാനുമായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ ചില സഹോദരങ്ങളുടെ ഹൃദയം പ്രതികാരബുദ്ധിയും വെറുപ്പുംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നിരാശാജനകമായ സാഹചര്യത്തിൽ അവരെ നയിക്കാൻ അവർക്കു ആരെങ്കിലും ഉണ്ടാകണം. ഇസ്രായേൽക്കാരെ

നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെട്ടിരുന്നതുപോലെ ദൈവകരുണയുടെയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു.

മൂന്നുപേരെ വധിച്ച ഫ്രാൻസീനി എന്ന കൊലയാളിയെ വിശുദ്ധ കൊച്ചുത്രേസ്യാ, "എന്റെ ആദ്യപുത്രൻ" എന്നാണു വിളിച്ചത്; അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല്കിയ ദൈവത്തിന്റെ പ്രിയ മക്കളാണ്. യേശു ഇപ്രകാരം പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ദൈവത്തിന്റെ പ്രിയപ്പെട്ട ഏകപുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറയ്ക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. തടവറ വാതിലുകളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്ക്, അവരുടെ മുറിവേറ്റ ഭാവത്തിലേക്കു നമ്മൾ തുറവുള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവദൈവത്തെയാണു കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടുന്നു അവരെ തന്നോടു ചേർത്തുനിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്ത

ങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹികമായ തിരസ്കരണമാണ് വീണ്ടും പഴയ തെറ്റിലേക്കു വഴുതിവീഴാൻ പലപ്പോഴും കാരണമായിഭവിക്കുന്നത്.

**ഭാരതത്തിലെ തടവറശുശ്രൂഷയും പുനരധിവാസകേന്ദ്രങ്ങളും**

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ യേശു ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്തകരുണ അവർക്കു പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് യേശുവിന് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറശുശ്രൂഷയിലെ (Prison Ministry, India- [PMI]) വോളണ്ടിയർമാർ അതു നിവർത്തിയാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികൾ എന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രദാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവികാലത്തെ കരുണാപൂർവം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരേ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗീയപിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തിനിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്ത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളികൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു കുറ്റവാളിയുടെ പുസ്തകം അടയ്ക്കുമ്പോൾ നമ്മൾ, 'അവനും മോചിക്കപ്പെടാൻ

സാധിക്കാത്തവനല്ല' എന്നു പറഞ്ഞുകൊണ്ട് പുതിയൊരു അധ്യായം ആരംഭിക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ്സ് ഫ്രറ്റേണിറ്റിയിലെ തടവറ പ്രേഷിതർ അഴികൾക്കു പിന്നിലുള്ളവരെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനരധിവാസകേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറകുമുളയ്ക്കുന്നു; തടവറപ്രേഷിതർ അവർക്കു ക്രിസ്തുവിന്റെ സ്നേഹം പകർന്നുനല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1-ാംതീയതിയാണ് ആദ്യ പുനരധിവാസകേന്ദ്രം, "സ്നേഹാശ്രമം" എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനരധിവാസകേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭിച്ചതുപോലെയുള്ള അനുഭവമാണു പ്രദാനം ചെയ്യുന്നത്. നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാഗോപുരവും നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവുമാണ്.

**ഒരമ്മയുടെ സാക്ഷ്യം**

ഭർത്താവിൽനിന്നുള്ള പ്രഹരത്തിൽനിന്നു രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി

നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമ്മലരാമിലെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: "ഞങ്ങളുടെകൂടെ ആയിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്."

**ഉപസംഹാരം**

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറപ്രേഷിതപ്രവർത്തനങ്ങളിൽ ജീസസ്സ് ഫ്രറ്റേണിറ്റിയോടുചേർന്ന് നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്കു സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർത്ഥിക്കാം; സമഗ്രമായ അവരുടെ വികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറമക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർഥിക്കാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സുപ്പീരിയർമാർക്കും അഭ്യുദയ കാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറപ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും

ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളി നിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോ ഇത്. തടവറയിലുള്ള നമ്മുടെ സഹോദരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശുക്രിസ്തു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ് ആൽവിൻ ഡി സിൽവ**

(ചെയർമാൻ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ)

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്,<br>പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ചു ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,<br>പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,<br>പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

കൊച്ചി: 682 025

---

N:B: 2022 ആഗസ്റ്റ് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3735/K-5/KCBC/OL/DS 20.07.2022

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2022 ആഗസ്റ്റ് 21 ഞായർ

## കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ മാതൃരാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷം തികയുകയാണല്ലോ. ഇന്നും ഭാരതത്തിന്റെ മക്കൾ അസ്വാതന്ത്ര്യത്തിലും അസ്സമാധാനത്തിലും ദാരിദ്ര്യത്തിലും കഴിയുന്നത് എങ്ങും കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അതിൽ ഏറ്റവും അധികം അസ്വാതന്ത്ര്യവും അനീതിയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗമാണ് ഭാരതത്തിലെ ക്രൈസ്തവ ജനസംഖ്യയിൽ ഭൂരിപക്ഷം (150 ലക്ഷം) വരുന്ന ദളിത്ക്രൈസ്തവർ. സുവിശേഷവെളിച്ചം സ്വീകരിച്ചുകൊണ്ട് പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന അനേകലക്ഷം ആളുകൾ (150 ലക്ഷം) ഭാരതത്തിൽ അങ്ങോളമിങ്ങോളം നിവസിക്കുന്നുണ്ടെന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ക്ലേശങ്ങളെയും വിവിധ മണ്ഡലങ്ങളിൽ അവരനുഭവിക്കുന്ന അവഗണനയെയുംപറ്റി ഭാരതകത്തോലിക്കാനേതൃത്വത്തിനു പൂർണ്ണബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരെപ്പോലെതന്നെ വിവിധ തരത്തിൽ ക്ലേശമനുഭവിക്കുന്ന മറ്റുള്ളവരോടുമുള്ള ഭാരത കത്തോലിക്കാ സഭയ്ക്കുള്ള താത്പര്യവും സ്നേഹവും സഹാനുഭൂതിയും

ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15 നു ശേഷം വരുന്ന ഞായറാഴ്ച (Justice Sunday) ആചരിക്കാൻ 1986 ൽ ഗോവയിൽ കൂടിയ CBCI സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം ഈ ദിനം ആചരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ജാതിവ്യവസ്ഥിതിയും വിവിധ ആചാരങ്ങളും നിമിത്തം സമൂഹത്തിൽ നിലവിലിരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരാകുകയെന്നതാണ്. അതോടൊപ്പം ക്രൈസ്തവവിശ്വാസം സ്വീകരിച്ചുവെന്ന ഏക കാരണത്താൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവഗണന അനുഭവിക്കേണ്ടിവന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രശ്നപരിഹാരാർത്ഥം വിവിധ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. CBCI ആഹ്വാനപ്രകാരം ഈ വർഷം ആഗസ്റ്റ് 21 Justice Sunday ആയി ഭാരതത്തിൽ ആചരിക്കുകയാണ്. നീതിക്കുവേണ്ടി പ്രത്യേകമായി നീക്കിവെച്ചിരിക്കുന്ന ഞായറാഴ്ച രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്നത്. പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവരോടു സഭ എത്രമാത്രം സ്നേഹത്തോടും താത്പര്യത്തോടുംകൂടിയാണ് പെരുമാറേണ്ടത് എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമത്, ഭരണഘടനാപരമായ അവകാശങ്ങൾ ദളിത് ക്രൈസ്തവർക്കു ലഭിക്കേണ്ടതിനു സംസ്ഥാന-കേന്ദ്ര ഗവൺമെന്റ് തലങ്ങളിൽ സഭ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്.

സമൂഹത്തിലെ താഴ്ന്ന ജാതിയിൽനിന്നു ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് സഭയിലേക്കു വന്നവരാണെങ്കിലും സാമൂഹിക സാംസ്കരിക സാമ്പത്തിക വിദ്യഭ്യാസ രംഗങ്ങളിലെല്ലാം

ദളിത് ക്രൈസ്തവർ പിന്നിലാണ്. ഇവരും നമ്മുടെ സഹോദ ങ്ങളാണെന്നു പരിഗണിച്ച് മുൻവിധികളില്ലാതെ സഭാംഗങ്ങളായ ദളിത് ക്രൈസ്തവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ കർത്താവ് അരുൾ ചെയ്തു: "നിങ്ങളെല്ലാവരും സഹോദരന്മാരാണ്" (മത്തായി 23/8) "നിങ്ങൾക്കൊരു പിതാവേയുള്ളൂ സ്വർഗ്ഗസ്ഥനായ പിതാവ്" (മത്തായി 23/9), "എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരാൾക്കു നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കുതന്നെയാണ് ചെയ്തത്" (മത്തായി 25/40). സഭയ്ക്കുള്ളിൽ താത്ത്വികമായി ജാതിതിരിവും വിവേചനവും ഇല്ലായെങ്കിലും സഭാസമൂഹത്തിൽ ഇപ്പോഴും പ്രായോഗികജീവിതത്തിൽ വിവേചനപരമായ നിലപാടുകൾ വച്ചുപുലർത്തുന്നതായിക്കാണുന്നു. നമ്മുടെ മനോഭാവങ്ങളിൽ മാറ്റങ്ങളുണ്ടാവണം. സത്യവും നീതിയും സാഹോദര്യവും സ്വാതന്ത്ര്യവും നമ്മുടെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും പാലിക്കണം. സഭയ്ക്കുള്ളിൽ ജാതി-വർണ്ണ വ്യത്യാസങ്ങൾ ഒന്നുമില്ല. അതേസമയം പരമ്പരാഗതമായി ചിലയിടങ്ങളിൽ ജാതിയുടെ പേരിൽ ചില ചേരിതിരിവുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം മാറ്റി ഈ സാധുജനവിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ചാൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് തർക്കമറ്റ സംഗതിയാണ്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസരംഗങ്ങളിലെല്ലാം അത്യുന്നതി നേടിയിട്ടുള്ള എല്ലാ ക്രൈസ്തവരും തങ്ങളുടെ ഇടയിലുള്ള ഈ എളിയ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും അവരെ ഉൾപ്പെടുത്താൻ ശ്രമിക്കണം. തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന ചിന്താഗതി അവർക്കുണ്ടാകാൻ ഇടനൽകരുത്. പുരോഗതിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ എല്ലാ വിധത്തിലും അവരെ സഹായിക്കാൻ സഭാംഗങ്ങൾ തയ്യാറാകണം. അവരുടെ ഇടയിൽനിന്ന് വൈദിക - സന്ന്യാസാന്തസ്സുകളിലേക്കു ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം അല്മായപ്രേക്ഷിതത്വത്തിനുള്ള താത്പര്യം വളർത്തുകയും വേണം.

വിവിധ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന നമ്മുടെ ഈ സഹോദരങ്ങൾ മറ്റുള്ളവരോടുചേർന്ന്, ഒന്നിച്ചു സഹകരിച്ചു നീങ്ങിക്കൊണ്ട് സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഐക്യദാർഢ്യദിനത്തിൽ പൊതുയോഗങ്ങൾ, ചർച്ചാ ക്ലാസുകൾ തുടങ്ങിയവവഴി ഈ പ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 72 വർഷങ്ങളായി ദളിത് ക്രൈസ്തവരോടുള്ള ഈ അവഗണയുടെ കാര്യം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ബോധ്യപ്പെടുത്തുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരുന്നുവെങ്കിലും സഭാനേതൃത്വവും അല്മായനേതൃത്വവും ഒത്തൊരുമിച്ചു നടത്തിയ പരിശ്രമങ്ങൾ ഭാഗികമായേ വിജയിച്ചുള്ളൂ. പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിന് 2004 ൽ സുപ്രീം കോടതിയിൽ കേസ് കൊടുത്തുവെങ്കിലും 18 വർഷമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിസ്സഹരണംമൂലം ഒരു തീരുമാനം ഉണ്ടായിട്ടില്ല. നീതിക്കുവേണ്ടിയുള്ള ധർമ്മസമരം

ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ജാതി-വർഗ-വർണ വ്യത്യാസം കൂടാതെ എല്ലാ പൗരന്മാർക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഭരണഘടന ഉറപ്പുനൽകിയിരുന്നു. എങ്കിലും 72 വർഷമായിട്ടും പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദളിത് ക്രൈസ്തവരോടു നീതി പാലിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. കടുത്ത വിവേചനത്തിന്റെ നയമാണ് ഗവൺമെന്റ് അവരോടു സ്വീകരിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ പ്രസിഡന്റ് 1950 ൽ പ്രസിദ്ധപ്പെടുത്തിയ കോൺസ്റ്റിറ്റ്യൂഷൻ ഓർഡറാണ് ഈ വിവേചനത്തിനെല്ലാം അടിസ്ഥാനം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ഇക്കാര്യം സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇവയെല്ലാം കേവലം വനരോദനമായിത്തീരുകയാണു ചെയ്തിട്ടുള്ളത്. സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്ര-പാർലമെന്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ പട്ടികജാതിക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകണമെന്നത് മാത്രമാണ് പ്രസ്തുത ഓർഡർകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തദവസരത്തിൽ ഗവൺമെന്റ് വ്യക്തമായിരുന്നുവെങ്കിലും പിന്നീട് ആ വിധത്തിൽ പ്രവർത്തിക്കാൻ കൂട്ടാക്കിയില്ല.

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. സഭാസമൂഹത്തിലെ വ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും അവഗണനയും വിവേചനവും മാറ്റിയെടുക്കുവാൻ നാമൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധപിതാവിന്റെ ആഹ്വാനപ്രകാരം സിനഡാത്മക സഭ രൂപീകരിക്കുന്നതിനുവേണ്ടി സഭാനവീകരണവർഷമായി

2022 കേരളസഭ ആചരിക്കുകയാണല്ലോ. ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ചവരാണ് നാമേവരും. ഒരേ മാമ്മോദീസായും ഒരേ വിശ്വാസവും സ്വീകരിച്ച നാം ആദിമ ക്രൈസ്തവസമൂഹത്തെപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് വിശ്വാസജീവിതം പ്രാവർത്തികമാക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായ നാം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടുംകൂടെ പങ്കുവയ്ക്കുന്ന ജീവിതം, വിശ്വാസം നമ്മിൽനിന്ന് ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വാസജീവിതത്തിൽ വളർന്ന് ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ക്രിസ്തുനാഥനു സാക്ഷ്യംവഹിക്കുന്ന ക്രൈസ്തവസമൂഹമായി നമ്മൾ രൂപാന്തരപ്പെടണം. ഇത്തരത്തിൽ നീതിക്കുവേണ്ടി ദളിത് ക്രൈസ്തവർ നടത്തുന്ന എല്ലാ ധർമസമരങ്ങളിലും പങ്കുചേരുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഇവരുടെ ക്ഷേമത്തിനായി വിവിധ തലങ്ങളിലായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കണമെന്നും ദളിത് ക്രൈസ്തവസഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കഴിവതും സാമ്പത്തിക സഹായവും സംരക്ഷണവും നൽകി വേദനിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ദളിത് ക്രൈസ്തവസഹോദരങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചു നില്ക്കാനും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളോടും ഒന്നുചേർന്ന് ആദ്ധ്യാത്മികമായും ഭൗതികമായും വളരാനും സ്വയം അഭിവൃദ്ധിപ്പെടാനും പരിശ്രമിക്കേണ്ടതാണ്.

ഗവൺമെന്റിന്റെ ദളിത് ക്രൈസ്തവരോടുള്ള അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ദളിത് ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട

സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനുമെതിരേ പ്രതികരിക്കാൻ ആഗസ്റ്റ് 10 വഞ്ചനാദിനമായും 'ആഗസ്റ്റ് 21 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യദിനമായും) ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി നമുക്കാശിക്കാം.

കേരള കത്തോലിക്കാസഭയുടെ ദളിത് ശക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്കാ മഹാജനസഭവഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2021-2022) എസ്.എസ്.എൽ.സി., (80%), പ്ലസ്ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തവിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ്, എസ്. എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസുകൾ എന്നിവ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റീസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽനിന്നു ശേഖരിച്ച് രൂപതാകേന്ദ്രങ്ങൾവഴി കെ.സി.ബി.സി, എസ്.സി./

എസ്.റ്റി/ബി.സി കമ്മീഷൻ പേർക്ക് അയച്ചുതരേണ്ടതാണ്. ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവക തലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റീസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ KCBC/SC/ST/BCകമ്മീഷൻ

**ബിഷപ് യൂഹാനോൽ മാർ തിയഡോഷ്യസ്**

വൈസ് ചെയർമാൻ KCBC/SC/ST/BCകമ്മീഷൻ

*പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം*

*കൊച്ചി – 682025*

---

NB: 2022 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## ഇടവകസഹായനിധി
## (NEEDY CHURCH FUND)

ഇടവക സഹായനിധിൽനിന്നും സഹായം ആഗ്രഹിക്കുന്ന ഇടവകകൾ 2022 ആഗസ്റ്റ് 20 നു മുമ്പായി Convenor, Needy Church Fund, Bishop's House, Palai - 686575 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കുമല്ലോ.

അപേക്ഷകൾ പാലാ രൂപത നിയമാവലി 15.6.3, നമ്പർ 1021 ൽ (പേജ് 367, 368) പറയുന്ന പ്രകാരമാണ് സമർപ്പിക്കേണ്ടത്.

കൺവീനർ

## സംഭാവനശേഖരണം

### സമ്പർക്കമാധ്യമദിനപിരിവ്

2022 ആഗസ്റ്റ് 7–ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ സമ്പർക്കമാധ്യമദിനപിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക 2022 ആഗസ്റ്റ് 31 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

### തടവറപ്രേഷിതദിനപിരിവ്

തടവറ പ്രേഷിതഞായറിനോടനുബന്ധിച്ച് 2022 ആഗസ്റ്റ് 14–ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ പ്രത്യേകപിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക 2022 ആഗസ്റ്റ് 31 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

### ജസ്റ്റീസ് സൺഡേ പിരിവ്

ജസ്റ്റീസ് സൺഡേയോടനുബന്ധിച്ച് 2022 ആഗസ്റ്റ് 21 ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പ്രത്യേക പിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക 2022 സെപ്റ്റംബർ 15 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി, പാലാ രൂപത

ബഹുമാനപ്പെട്ട വൈദികരേ,

പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 2022-23 അധ്യയനവർഷം മുതലുണ്ടാകുന്ന ഡ്രോയിംഗ്, സംഗീതം, ഫിസിക്കൽ എഡ്യുക്കേഷൻ എന്നീ വിഷയങ്ങളിൽ അവധി ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ, ഈ രൂപതയിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

35 വയസിൽ താഴെ പ്രായമുള്ള കെ.ടെറ്റ്/തത്തുല്യ യോഗ്യത ഉൾപ്പെടെ പൂർണയോഗ്യതയുള്ളവർ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയും യോഗ്യത സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വികാരിയച്ചന്റെ ശുപാർശ കത്തും **16-08-2022 ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി** കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

പാലാ **ഫാ. ബർക്കുമാൻസ് കുന്നുംപുറം**

01-08-2022 കോർപ്പറേറ്റ് സെക്രട്ടറി

---

NB: ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ വിവരം ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ അറിയിക്കുമല്ലോ.

# COLLECTION LIST

| Sl. No | Parishes | Holy Land | Hunger & Disease | Mission Sunday | Seminarians Aid Fund |
|---|---|---|---|---|---|
| 1 | ADIVARAM | 300.00 | 4716.00 | 500.00 | 700.00 |
| 2 | ADUKKOM | 2380.00 | 1200.00 | | 3530.00 |
| 3 | AIMCOMBU | 5475.00 | 5075.00 | | 4540.00 |
| 4 | ALPHONSAGIRI | 500.00 | 500.00 | 500.00 | 500.00 |
| 5 | ALPHONSAPURAM | | 250.00 | 250.00 | 2500.00 |
| 6 | AMPARANIRAPPEL | 9740.00 | 3500.00 | 3500.00 | 4590.00 |
| 7 | ANTHIALAM | 8970.00 | 500.00 | 500.00 | 9895.00 |
| 8 | ANTHINADU | 4500.00 | 1450.00 | 1400.00 | 8640.00 |
| 9 | ARAKULAM NEW | 1000.00 | 1000.00 | 1500.00 | 1500.00 |
| 10 | ARAKULAM OLD | 4457.00 | | | 2275.00 |
| 11 | ARUNAPURAM | 10385.00 | 1000.00 | 1000.00 | 10070.00 |
| 12 | ARUNOOTTIMANGALAM | 1000.00 | 1000.00 | 1000.00 | 10100.00 |
| 13 | ARUVITHURA | 17625.00 | 23700.00 | 10000.00 | 15210.00 |
| 14 | AYYAMPARA | 5215.00 | | 500.00 | 4935.00 |
| 15 | BHARANANGANAM | 21000.00 | 1200.00 | 1400.00 | 34000.00 |
| 16 | CHAKKAMPUZHA | 15000.00 | 5200.00 | 1000.00 | 15000.00 |
| 17 | CHEMMALAMATTOM | 17260.00 | 2100.00 | 3000.00 | 3890.00 |
| 18 | CHEMPILAVU | 4460.00 | 3250.00 | 500.00 | 4200.00 |
| 19 | CHENNAD | 13806.00 | 3000.00 | 2500.00 | 7692.00 |
| 20 | CHERPUMKAL FORANE | 63344.00 | 3000.00 | | 66700.00 |
| 21 | CHETTUTHODU | 6174.00 | | | 9075.00 |
| 22 | CHITTAR | 4600.00 | 3000.00 | 1500.00 | 3500.00 |
| 23 | CHOLATHADAM | 260.00 | 260.00 | 260.00 | 260.00 |
| 24 | CHOONDACHERY | 1000.00 | 750.00 | 500.00 | 3000.00 |
| 25 | EDADU | 2000.00 | 500.00 | 1000.00 | 4000.00 |
| 26 | EDAMARUKU | 9940.00 | 2560.00 | 5655.00 | 7695.00 |
| 27 | EDAPPADY | 7500.00 | 2000.00 | 3000.00 | 15000.00 |
| 28 | ELAMTHOTTAM | 6750.00 | 5500.00 | 11307.00 | 10000.00 |
| 29 | ELANJI FORANE | 25000.00 | 2500.00 | 2000.00 | 25000.00 |
| 30 | ELAPPALLY | 2060.00 | 780.00 | 1200.00 | 2360.00 |
| 31 | ERAVIMANGALAM | 100.00 | 765.00 | 682.00 | 200.00 |
| 32 | FATHIMAPURAM | 11040.00 | 4150.00 | 500.00 | 5212.00 |
| 33 | GAGULTHA | | | 500.00 | |

| | | | | | |
|---|---|---|---|---|---|
| 34 | GEOVALLY | 2500.00 | 1500.00 | 1250.00 | 7000.00 |
| 35 | IDAMATTAM | 6200.00 | 3000.00 | 2253.00 | 5000.00 |
| 36 | JAIGIRI | 4000.00 | 500.00 | 750.00 | 4000.00 |
| 37 | JOSE MOUNT | 1000.00 | 2110.00 | 900.00 | 2000.00 |
| 38 | JOSEGIRI | 4000.00 | 900.00 | 1750.00 | 2000.00 |
| 39 | KADANAD | 10000.00 | 5000.00 | 1200.00 | 26200.00 |
| 40 | KADAPLAMATTAM | 10000.00 | 1000.00 | 1000.00 | 10000.00 |
| 41 | KADUTHURUTHY | 60000.00 | 19870.00 | 6700.00 | 30200.00 |
| 42 | KAIPPALLY | 2000.00 | 250.00 | 250.00 | 1980.00 |
| 43 | KAKKOOR | | | | |
| 44 | KAKOMBU | 5000.00 | 1000.00 | | 4000.00 |
| 45 | KALATHOOKADAVU | 6000.00 | 3000.00 | 4500.00 | 8500.00 |
| 46 | KALATHOOR | | 1100.00 | 1000.00 | |
| 47 | KALIKAVU | 18503.00 | 13566.00 | 2000.00 | 8578.00 |
| 48 | KANJIRAMATTAM | 24701.00 | | | 9829.00 |
| 49 | KANJIRATHANAM | 15754.00 | 5000.00 | 1000.00 | 18510.00 |
| 50 | KARIMPANY | 1000.00 | 1000.00 | 1000.00 | 1000.00 |
| 51 | KAROOR | 3000.00 | 1800.00 | 2650.00 | 6000.00 |
| 52 | KATTAMPAK | 2000.00 | 3000.00 | | 3000.00 |
| 53 | KAVALY | 1500.00 | 500.00 | 500.00 | 1000.00 |
| 54 | KAVEEKUNNU | 750.00 | 750.00 | | 2000.00 |
| 55 | KAVUMKANDAM | 6000.00 | 2500.00 | 1500.00 | 3000.00 |
| 56 | KAYYOOR | | | | |
| 57 | KEEZHOOR | 12100.00 | 250.00 | 200.00 | 8800.00 |
| 58 | KIZHAPARAYAR | 6760.00 | 2000.00 | 1000.00 | 5590.00 |
| 59 | KIZHATHADIYOOR | 21402.00 | 10692.00 | 2500.00 | 17739.00 |
| 60 | KONDAD | 5050.00 | | | 3500.00 |
| 61 | KOODALLOOR | 30000.00 | 2000.00 | 1600.00 | 24000.00 |
| 62 | KOOTHATTUKULAM | | | | |
| 63 | KOOTTIKAL | 6520.00 | 4000.00 | 6000.00 | 25000.00 |
| 64 | KOTHANALLOOR | 20000.00 | 22100.00 | 9000.00 | 13200.00 |
| 65 | KOZHUVANAL | 29101.00 | 1500.00 | 1000.00 | 15577.00 |
| 66 | KUDAKKACHIRA | 12730.00 | 13841.00 | 500.00 | 11020.00 |
| 67 | KUDAYATHOOR | 6000.00 | 7000.00 | 500.00 | 4000.00 |
| 68 | KULAMAVU | 2325.00 | | 400.00 | 3600.00 |
| 69 | KUNNONNI | 10000.00 | 2000.00 | 2000.00 | 2000.00 |

| | | | | | |
|---|---|---|---|---|---|
| 70 | KURAVILANGAD | 99317.00 | 30700.00 | 21600.00 | 70000.00 |
| 71 | KURICHITHANAM | 12700.00 | 8000.00 | 500.00 | 11200.00 |
| 72 | KURINJI | 4000.00 | 500.00 | 4420.00 | 5000.00 |
| 73 | KURUMANNU | 12240.00 | 500.00 | 1000.00 | 5260.00 |
| 74 | KURUVINAL | 8000.00 | 650.00 | 450.00 | 6100.00 |
| 75 | LALAM NEW PALAI | 21038.00 | 2651.00 | 4709.00 | 13945.00 |
| 76 | LALAM OLD PALAI | 20000.00 | 2000.00 | 12500.00 | 16000.00 |
| 77 | LOURDES MOUNT | 1500.00 | 250.00 | 275.00 | 1000.00 |
| 78 | MALAPURAM | 12019.00 | 1300.00 | 900.00 | 8008.00 |
| 79 | MALAYINCHIPARA | 2000.00 | 2000.00 | 2000.00 | 1100.00 |
| 80 | MALLIKASSERY | 5000.00 | 1500.00 | 1150.00 | 5000.00 |
| 81 | MANALUMKAL | 10000.00 | 3000.00 | 600.00 | 8000.00 |
| 82 | MANATHOOR | 12765.00 | 800.00 | 1500.00 | 7046.00 |
| 83 | MANGALAGIRI | 700.00 | 500.00 | 500.00 | 1000.00 |
| 84 | MANGALARAM | 11000.00 | 1000.00 | 1000.00 | 6038.00 |
| 85 | MANIAMKULAM | 1200.00 | 500.00 | 1000.00 | 1200.00 |
| 86 | MANIAMKUNNU | 1600.00 | 530.00 | 1700.00 | 650.00 |
| 87 | MANJAMATTAM | 3920.00 | 1228.00 | 722.00 | 3610.00 |
| 88 | MANNACKANAD | 10000.00 | 3000.00 | 2500.00 | 8000.00 |
| 89 | MANNAR | 20300.00 | 11429.00 | 500.00 | 12385.00 |
| 90 | MANNARAPPARA | 19415.00 | 3000.00 | 5000.00 | 17200.00 |
| 91 | MANVETTAM | 19196.00 | 2500.00 | 5000.00 | 9106.00 |
| 92 | MARANGATTUPALLY | 30000.00 | 3450.00 | 4050.00 | 20000.00 |
| 93 | MARANGOLY | 9837.00 | | 5742.00 | 10903.00 |
| 94 | MARYLAND | 3500.00 | 500.00 | 500.00 | 8500.00 |
| 95 | MATTAKKARA | 8756.00 | 650.00 | 1500.00 | 7678.00 |
| 96 | MAVADY | 7264.00 | 500.00 | | 3636.00 |
| 97 | MEENACHIL | 3600.00 | 1360.00 | 1375.00 | 2110.00 |
| 98 | MELUKAVUMATTAM | 10000.00 | 1100.00 | 2000.00 | 10000.00 |
| 99 | MEVIDA | 1000.00 | 1000.00 | 1000.00 | 1000.00 |
| 100 | MONIPPALLY | 12483.00 | 1000.00 | 5892.00 | 20000.00 |
| 101 | MOOLAMATTOM | | | | |
| 102 | MOONNANI | 400.00 | 400.00 | 600.00 | 1000.00 |
| 103 | MOONNILAVU | 21097.00 | 1000.00 | 1500.00 | 14270.00 |
| 104 | MOOZHOOR | 8500.00 | 1000.00 | 1000.00 | 15500.00 |
| 105 | MULAKULAM | 14000.00 | 500.00 | 500.00 | 6000.00 |

| | | | | | |
|---|---|---|---|---|---|
| 106 | MUNDANKAL | 29240.00 | | | 17460.00 |
| 107 | MUTHOLAPURAM | 15140.00 | 23000.00 | 5000.00 | 16360.00 |
| 108 | MUTHOLY | 5540.00 | 3250.00 | 2000.00 | 3300.00 |
| 109 | MUTTUCHIRA FORANE | 27341.00 | 23763.00 | | 50000.00 |
| 110 | NAMBIAKULAM | 20000.00 | | 1000.00 | 10000.00 |
| 111 | NARIANGANAM | 10320.00 | 750.00 | 500.00 | 12100.00 |
| 112 | NEELOOR | 8000.00 | 6000.00 | 12682.00 | 22197.00 |
| 113 | NEERANTHANAM | 15090.00 | 2750.00 | 3100.00 | 12897.00 |
| 114 | NELLAPPARA | 3500.00 | 1700.00 | | 3500.00 |
| 115 | NELLIANI | 2000.00 | 1500.00 | 2000.00 | 3000.00 |
| 116 | POOVAKULAM | | | | |
| 117 | PADUVA | 8860.00 | 1200.00 | 250.00 | 6020.00 |
| 118 | PAIKA | 10000.00 | 10000.00 | 5000.00 | 10000.00 |
| 119 | PAINGULAM | 6000.00 | 2000.00 | 2000.00 | 6000.00 |
| 120 | PALAI CATHEDRAL | 40000.00 | 4000.00 | 10000.00 | 100000.00 |
| 121 | PALAKAD | 8500.00 | | | 4200.00 |
| 122 | PALAKATTUMALA | 5900.00 | 718.00 | 972.00 | 5639.00 |
| 123 | PALAYAM | 4000.00 | 1200.00 | 1000.00 | 5500.00 |
| 124 | PARATHANAM | 4000.00 | 4000.00 | 4000.00 | 4000.00 |
| 125 | PAYYANITHOTTAM | 500.00 | 1500.00 | 1000.00 | 500.00 |
| 126 | PERIAPURAM | 16855.00 | 300.00 | 300.00 | 7340.00 |
| 127 | PERINGULAM | 8000.00 | 13000.00 | 5000.00 | 13000.00 |
| 128 | PERUMTHURUTH | 700.00 | 600.00 | 700.00 | 500.00 |
| 129 | PIRAVOM | 20522.00 | 800.00 | 700.00 | 15085.00 |
| 130 | PIUSMOUNT | 6000.00 | 1000.00 | 1000.00 | 8000.00 |
| 131 | PLASSANAL | 12012.00 | 11111.00 | 11111.00 | 25025.00 |
| 132 | POONJAR | 5000.00 | 4500.00 | 3000.00 | 10000.00 |
| 133 | POOVARANY | 15400.00 | 1500.00 | 1000.00 | 15250.00 |
| 134 | POOVATHODU | 10400.00 | | 1500.00 | 6042.00 |
| 135 | POOZHIKOL | 5000.00 | 200.00 | 200.00 | 5000.00 |
| 136 | PRAVITHANAM | 9000.00 | 7500.00 | 10000.00 | 16000.00 |
| 137 | RAMAPURAM | 31147.00 | | | 35340.00 |
| 138 | RATNAGIRI | 25000.00 | 10000.00 | | 37000.00 |
| 139 | SANTHIGIRI | 600.00 | 600.00 | 600.00 | 600.00 |
| 140 | SANTHIPURAM | 2600.00 | | 1000.00 | 6500.00 |
| 141 | SIBIGIRI | 15000.00 | 5000.00 | 5000.00 | 16796.00 |

| | | | | | |
|---|---|---|---|---|---|
| 142 | SLIVAPURAM | 5500.00 | 500.00 | 1000.00 | 4250.00 |
| 143 | TEEKOY | 37370.00 | 700.00 | 14461.00 | 36882.00 |
| 144 | THAKADI | 650.00 | 350.00 | 550.00 | 500.00 |
| 145 | THIDANAD | 14000.00 | 500.00 | 5300.00 | 15000.00 |
| 146 | THIRUMARADY | 600.00 | 420.00 | 800.00 | 450.00 |
| 147 | THODANAL | 8200.00 | 1210.00 | 1750.00 | 4200.00 |
| 148 | THUDANGANAD FORANE | 20200.00 | 1020.00 | 2400.00 | 14000.00 |
| 149 | THURUTHIPALLY | 3700.00 | | 700.00 | 1700.00 |
| 150 | UDAYAGIRI | 8025.00 | 1500.00 | 1100.00 | 7537.00 |
| 151 | ULLANAD | 9700.00 | 9600.00 | 5000.00 | 27430.00 |
| 152 | URULIKUNNAM | 5000.00 | 4000.00 | 3000.00 | 10000.00 |
| 153 | URUMPUKAVU (PIZHAKU) | 8000.00 | 2000.00 | | 8000.00 |
| 154 | VADAKARA | 11299.00 | 1500.00 | 1500.00 | 9448.00 |
| 155 | VAGAMON | 1000.00 | 1000.00 | 1000.00 | 1200.00 |
| 156 | VAKAKKAD | 10157.00 | 3000.00 | 4000.00 | 5000.00 |
| 157 | VAKKAD | 750.00 | 460.00 | 380.00 | 1000.00 |
| 158 | VALACHIRA | 8000.00 | 6000.00 | 500.00 | 7500.00 |
| 159 | VALAVOOR | 12040.00 | 500.00 | 500.00 | 7840.00 |
| 160 | VARIANIKAD | | | | |
| 161 | VAYALA | 12000.00 | 2300.00 | 6556.00 | 11000.00 |
| 162 | VEDAGIRI | 3804.00 | 500.00 | 1089.00 | 4128.00 |
| 163 | VELANILAM | 20402.00 | 500.00 | 1000.00 | 10750.00 |
| 164 | VELLIAMATAM | | 1000.00 | 1000.00 | |
| 165 | VELLIKULAM | 5500.00 | 4000.00 | | 4300.00 |
| 166 | VEZHAGANAM | 3000.00 | 400.00 | 400.00 | 3550.00 |
| 167 | VILAKUMADAM | 6834.00 | 1860.00 | 3500.00 | 5500.00 |
| 168 | VIMALAGIRI | 750.00 | 650.00 | 750.00 | 800.00 |
| 169 | XAVIERPURAM | 6700.00 | 565.00 | 545.00 | 5578.00 |
| 170 | YENTHAYAR | 10000.00 | 1000.00 | 1000.00 | 15000.00 |
| 171 | VALAKATTU KUNNU CHAPEL | 1613.00 | | | 1000.00 |
| 172 | KALLORKULAM CHAPEL | 2400.00 | 380.00 | | 1090.00 |
| 173 | H.G. M. HOSPITAL, MUTTUCHIRA | | | 50000.00 | |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | മറിയക്കുട്ടി, വെള്ളികുളം | 25,000 | |
| 2 | ബബിത, കവീക്കുന്ന് | 40,000 | |
| 3 | ഡീമോൾ, ഇടപ്പാടി | 10,000 | |
| 4 | സജി ജയിംസ്, മുണ്ടാങ്കൽ | 35,000 | |
| 5 | ഡൈജു സിബി, പാലാ കത്തീഡ്രൽ | 40,000 | |
| 6 | എം.ഡി. ചാക്കോ, അരുണാപുരം | 15,000 | |
| 7 | സോണിയ പുരുഷോത്തമൻ (CMC) | | 50,000 |
| 8 | ഫിലോമിന രാജു, ഇലഞ്ഞി (CMC) | | 20,000 |
| 9 | രാജിമോൾ രാജു, അന്തീനാട് (CMC) | | 20,000 |
| 10 | പ്രസന്ന (CMC) | | 20,000 |
| 11 | സിജി സജി, പ്ലാശനാൽ (CMC) | | 20,000 |
| 12 | ആലീസ് ജോസഫ്, മോനിപ്പള്ളി | | 5,000 |
| 13 | ജോയ്, മോനിപ്പള്ളി | | 5,000 |
| 14 | ദേവസ്യ, മോനിപ്പള്ളി | | 26,530 |
| 15 | കുര്യൻ, മോനിപ്പള്ളി | | 5,000 |
| 16 | ജോസ് പോൾ, മോനിപ്പള്ളി | | 10,000 |

## സാമ്പത്തികസഹായം നൽകിയവർ

| | |
|---|---|
| മോൺ. പോൾ പള്ളത്ത് | 15,00,000 |
| മാത്യു ആന്റണി | 50,000 |
| എസ്.എം.സി.എ. കുവൈറ്റ് | 9,15,500 |
| പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ്, കുവൈറ്റ് | 4,00,000 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായ്ക്ക് ബെസ്റ്റ് ഹെൽത്ത് കെയർ ബ്രാൻഡ് അവാർഡ്**

പ്രവർത്തനമികവിന്റെ മൂന്നാം വർഷത്തിലേക്കു പ്രവേശിക്കുന്ന മാർ സ്ലീവാ മെഡിസിറ്റി പാലായ്ക്ക് 2022-ലെ ഇക്കണോമിക് ടൈംസിന്റെ ബെസ്റ്റ് ഹെൽത്ത് കെയർ ബ്രാൻഡ് അവാർഡ് ലഭിച്ചു. ഡൽഹിയിൽ നടന്ന ചടങ്ങിൽ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ഡോ. മോണ്ട്കുമാർ പട്ടേലിൽനിന്ന് ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലും എച്ച്.ആർ. & ഐ.റ്റി. ഡയറക്ടർ റവ. ഡോ. ഇമ്മാനുവൽ പാറേക്കാട്ടും ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

മികച്ച പ്രവർത്തനം, ബ്രാൻഡ് എന്ന നിലയിൽ ആളുകൾക്കുള്ള വിശ്വാസ്യത, ചികിത്സയ്ക്ക് എത്തുന്നവർക്കു നൽകുന്ന ഉന്നത നിലവാരത്തിലുള്ള സേവനങ്ങൾ എന്നിവ പരിഗണിച്ചാണ് ഇക്കണോമിക് ടൈംസിസ് - ഡെലോയിറ്റ് പ്രത്യേക ജൂറി പാനൽ അവാർഡ് നിർണ്ണയിച്ചത്.

ഉന്നതനിലവാരത്തിലുള്ള സൗകര്യങ്ങളും പരിചരണവും ചികിത്സാസേവനങ്ങളും മിതമായ നിരക്കിൽ നൽകാൻ സാധിച്ചതിലൂടെ പൊതുജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ കഴിഞ്ഞതാണ് ഈ നേട്ടത്തിന്റെ കാരണമെന്ന് ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ വ്യക്തമാക്കി. 200-ലധികം മികച്ച ഡോക്ടർമാരും സേവനതത്പരരായ ജീവനക്കാരുമുള്ള പാലാ മാർ സ്ലീവാ മെഡിസിറ്റി പ്രവർത്തനം ആരംഭിച്ച് മൂന്നു വർഷത്തിനുള്ളിൽ കേരളത്തിലെ ആരോഗ്യ മേഖലയ്ക്കു നൽകിയ സമഗ്രസംഭാവനകൾക്കുള്ള അംഗീകാരമാണ് ഈ അവാർഡ്.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറി വിഭാഗം പ്രവർത്തനമാരംഭിച്ചു.**

ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കോംപ്രീഹെൻസീവ് പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറി വിഭാഗം മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പ്രവർത്തനമാരംഭിച്ചു. പ്രശസ്ത സംഗീതജ്ഞൻ ശ്രീ സ്റ്റീഫൻ ദേവസ്സി ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന്

അദ്ദേഹം നയിച്ച സംഗീതപരിപാടി ഏവർക്കും വേറിട്ട ഒരു അനുഭവമായിരുന്നു.

സൗന്ദര്യശസ്ത്രക്രിയകൾ മാത്രമല്ല പ്ലാസ്റ്റിക് സർജറി; ഇതിനപ്പുറത്ത് ജന്മനാലുള്ള വൈകല്യങ്ങൾ, അപകടങ്ങൾമൂലമോ ശസ്ത്രക്രിയകൾമൂലമോ സംഭവിക്കുന്ന അംഗഭംഗങ്ങളും പരിക്കുകളും, തീപ്പൊള്ളൽ തുടങ്ങിയ അനേകം കാരണങ്ങൾമൂലമുണ്ടാകുന്ന ജീവഹാനിവരെ സൃഷ്ടിക്കുന്ന ഗുരുതരമായ അവസ്ഥകളെപ്പോലും ഫലപ്രദമായി ശസ്ത്രക്രിയയിലൂടെ ഭേദമാക്കുന്ന ചികിത്സാവിഭാഗമാണ് പ്ലാസ്റ്റിക് & റീ കൺസ്ട്രക്ടീവ് സർജറി. മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ജേക്കബ് ജോർജ്, പ്ലാസ്റ്റിക് & റീകൺസ്ട്രക്ടീവ് സർജറി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. പൗളിൻ ബാബു, കൺസൽട്ടന്റ് ഡോ. ബെസ്റ്റിൻ തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി പാലായ്ക്ക് പുതിയ സി.ഇ.ഒ.**

മാർ സ്ലീവാ മെഡിസിറ്റി പാലായുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. ജസ്റ്റിൻ തോമസ് നിയമിതനായി. വിവിധ കോർപ്പറേറ്റ് സ്ഥാപനങ്ങളിലായി 30 ലധികം വർഷത്തെ പ്രവൃത്തിപരിചയമുള്ള ഇദ്ദേഹം 2018 മുതൽ മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ഭരണസമിതിയിൽ അംഗമാണ്. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഡയറക്ടേഴ്സ് എന്നിവർ പങ്കെടുത്ത ചടങ്ങിൽ പുതിയ സി.ഇ.ഒ യെ സ്വാഗതം ചെയ്തു.

**വാർധക്യസഹജമായ അസ്ഥിരോഗനിർണ്ണയക്യാമ്പ്**

പ്രായമായവരിൽ കാണപ്പെടുന്ന വാർധക്യസഹജമായ അസ്ഥിരോഗങ്ങൾ നിർണ്ണയിക്കുന്നതിനും അവയ്ക്കു കൃത്യമായ ചികിത്സ നിർദേശിക്കുന്നതിനുമായി ജൂൺ 29, ബുധനാഴ്ച പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ അസ്ഥിരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. കാൽമുട്ടുവേദന, നടുവേദന, ഇടുപ്പിനുള്ള വേദന, തോളെല്ലു വേദന എന്നിവയുള്ള അമ്പത്തിയഞ്ചുവയസ്സ് കഴിഞ്ഞ

വർക്ക് വിദഗ്ധരായ ഡോക്ടർമാരുടെ സൗജന്യപരിശോധന സേവനം നൽകി. ഡോ. സജിത്ത് കുര്യൻ, ഡോ. റിക്കി രാജ് തോമസ് എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**കുട്ടികൾക്കുള്ള സൗജന്യ പ്ലാസ്റ്റിക് സർജറി പരിശോധന ക്യാമ്പൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

ലോകപ്ലാസ്റ്റിക്സർജറിദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലായിലെ പ്ലാസ്റ്റിക്സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കുള്ള സൗജന്യ പ്ലാസ്റ്റിക് സർജറി പരിശോധന ക്യാമ്പ് ജൂലൈ 14 വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ നടന്നു. കുട്ടികളിൽ പുറത്തേക്ക് അധികമായി വളഞ്ഞ ചെവി ഉള്ളവർ, മുറിച്ചുണ്ട്, മുറി അണ്ണാക്ക്, മൂക്കിന്റെ ആകൃതിയിൽ വ്യത്യാസം ഉള്ളവർ, കൈകളിലെയും കാലിലെയും വിരലുകൾക്ക് ജന്മനാലുള്ള രൂപവ്യത്യാസം, മുറിവോ പരുക്കോ ശസ്ത്രക്രിയയോമൂലമുണ്ടാകുന്ന പാടുകൾ, ആൺകുട്ടികളിൽ അസാധാരണമായ സ്തനവളർച്ച എന്നിങ്ങനെ വിവിധ ബുദ്ധിമുട്ടുകളുള്ള നിരവധി കുട്ടികൾ രക്ഷിതാക്കളോടൊപ്പം ക്യാമ്പിൽ പങ്കെടുത്തു.

പ്ലാസ്റ്റിക് & റീ കൺസ്ട്രക്റ്റീവ് സർജറി വിഭാഗം ഡോക്ടർമാരായ എയർ കൊമഡോർ പ്രൊഫ. ഡോ. പൗളിൻ ബാബു (റിട്ട.), ഡോ. ബെസ്റ്റിൻ തോമസ് എന്നിവർ നേതൃത്വം നൽകിയ ക്യാമ്പിൽ സൗജന്യ പരിശോധനയും തുടർചികിത്സയ്ക്കു പ്രത്യേക ഇളവുകളും ലഭ്യമായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ റിതുസുരക്ഷ 2022**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ആയുർവേദ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കർക്കിടകമാസ ആരോഗ്യപരിചരണത്തിനായി റിതുസുരക്ഷ 2022 ആരംഭിച്ചു. വേനലിൽനിന്നു മഴയിലേക്ക് മാറുന്നതോടെ, ശരീരബലം കുറയുന്നതുവഴി നഷ്ടപ്പെടുന്ന പ്രതിരോധശേഷി ആയുർവേദത്തിലെ പ്രത്യേക ചികിത്സകളും പരിചരണങ്ങളുംവഴി വീണ്ടെടുക്കാനാകും. നിലവിലുള്ള രോഗങ്ങളെ ലഘൂകരിക്കുകയും രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുകയും വർഷകാലസംബന്ധിയായ രോഗങ്ങളെ തടഞ്ഞുനിർത്തുകയും ചെയ്തുകൊണ്ട്, ശരീരത്തെയും മനസ്സിനെയും വിഷവിമുക്ത

മാക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യാൻ ലക്ഷ്യമിടുന്ന കർക്കിടകമാസ ആരോഗ്യപരിചരണത്തിനായി, ഫുൾബോഡി മസ്സാജ്, ഓയിൽ മസ്സാജ്, ഫുട് മസ്സാജ്, ഹെഡ് മസ്സാജ്, സ്റ്റീംബാത്ത്, പൊടിക്കിഴി, ഇലക്കിഴി, നവരക്കിഴി, നസ്യം, മാത്രവസ്തി, കാഷായ വസ്തി, സ്നേഹവസ്തി, ശിരോധാര, സർവങ്കധാര, തലപൊതി ച്ചിൽ, ഉപനേഹം തുടങ്ങി എല്ലാവിധ ചികിത്സകളും മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ലഭ്യമാണ്. ഇതുകൂടാതെ സൗഖ്യ, സൗന്ദര്യ, സ്നേഹ, സ്വാസ്ഥ്യ, അമൃത എന്നിങ്ങനെയുള്ള വിവിധതരം പാക്കേജുകളും ലഭ്യമാണ്.

കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമല ജിമ്മി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഡയറക്ടർമാർ, ആയുർവേദവിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. എസ്. ജയകുമാർ, കൺസൽട്ടന്റ് ഡോ. പൂജ ടി. അമൽ എന്നിവർ പങ്കെടുത്തു.

## New Doctors (July)

1. പ്രൊഫ. ഡോ. ഷീല കുര്യൻ
   – സീനിയർ കൺസൾട്ടന്റ്, ഇന്റേണൽ മെഡിസിൻ
2. ഡോ. രമേഷ് എം. – സീനിയർ കൺസൾട്ടന്റ്,
   മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി
3. ഡോ. മണിവർണ്ണൻ കെ.
   – കൺസൾട്ടന്റ്, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി
4. ഡോ. വിഷ്ണു കാന്ത്യു – റേഡിയോളോജിസ്റ്റ്,
   റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിങ്

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ

ലേഖനം

# അൽഫോൻസാമ്മ സഹനമാഹാത്മ്യം അഭ്യസിപ്പിക്കുന്ന സർവ്വകലാശാല

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ഭാരതസഭയുടെ പ്രഥമവിശുദ്ധയും സുറിയാനിസഭയുടെ ശ്രേഷ്ഠപുത്രിയുമായ അൽഫോൻസാമ്മയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ എഴുപത്തിയാറുവർഷങ്ങൾ പൂർത്തിയാകുന്നു. ഹ്രസ്വമായ ഭൗമികജീവിതത്തിലെ കഠിനമായ സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു സ്വായത്തമാക്കിയ വിശുദ്ധിയുടെ നിറവിൽ തന്റെ മക്കൾക്കായി അമ്മ അനുനിമിഷം മാധ്യസ്ഥ്യം പ്രാർത്ഥിക്കുന്നു. സ്വർഗ്ഗത്തിൽ തന്റെ മക്കളുടെ നിയോഗങ്ങൾ ദൈവപിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുന്ന അപേക്ഷകയാകുന്ന അൽഫോൻസാമ്മ, ഭൂമിയിൽ സഹനത്തിന്റെ മാഹാത്മ്യം അഭ്യസിപ്പിക്കുന്ന അധ്യാപികയാണ്; സർവ്വകലാശാലയാണ്. എന്തെന്നാൽ, ജീവിതകാലത്ത് അൽഫോൻസാമ്മ അഭ്യസിച്ചതും അനുഭവിച്ചതും ആഘോഷമാക്കിയതും സഹനമാണ്.

**സഹനത്തിലെ ദൈവികത**

സഹനസ്വീകരണത്തിന്റെ സൂത്രവാക്യമറിയുന്ന അൽഫോൻസാമ്മ സഹനത്തിലെ ദൈവികപദ്ധതിയെ ഉയർത്തിപ്പിടിക്കുന്നു. ദൈവത്തിനായി സഹിക്കുന്നവർ പരാജിതരല്ല; അവർ വിജയികളാണ്. സഹനത്തിന്റെ പിന്നിലെ ശ്രേഷ്ഠമായ രഹസ്യം നാം ദൈവത്തിനായി സഹിക്കുന്നു എന്നതാണ്. പൗലോസ്ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു: "മിശിഹായ്ക്കു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവിനെ എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു" (കൊളോ. 1:24). സഹനദാസി അൽഫോൻസാമ്മ മനുഷ്യനൊമ്പരങ്ങളിലെ ദൈവികമാനത്തെ തിരിച്ചറിയുവാനാണ് നമ്മെ പഠിപ്പിക്കുന്നത്. സഹനത്തിന്റെ പാരമ്യത്തിലും അൽഫോൻസാമ്മ ഇപ്രകാരം കുറിക്കുന്നു: "തീജ്വാലയുടെ നടുവിൽക്കിടന്നു പുളയുന്ന ഒരു കീടത്തിനു തുല്യമാണ് എന്റെ സ്ഥിതി. ഇപ്പോൾ മരിക്കേണ്ട;

മരിച്ചാൽപ്പിന്നെ ഈശോയ്ക്കുവേണ്ടി സഹിക്കാൻ പറ്റില്ലല്ലോ. ഞാൻ ഈശോയുടെ സ്വന്തമല്ലേ. അവിടത്തെ ഇഷ്ടംപോലെ എന്തും എന്നിൽ പ്രവർത്തിച്ചുകൊള്ളട്ടെ. ദൈവതിരുമനസ്സ് എന്നിൽ പൂർണ്ണമായും നിറവേറട്ടെ.'' ഇതിനെക്കാൾ വ്യക്തമായും വ്യതിരിക്തമായും സഹനത്തിന്റെ പിന്നിലെ ദൈവാംശം തിരിച്ചറിഞ്ഞവർ അധികമുണ്ടാവില്ല.

**സഹനത്തിന്റെ രൂപാന്തരശക്തി**

സഹനത്തിനു പിന്നിലെ ദൈവതിരുമനസ്സ് തിരിച്ചറിഞ്ഞ അൽഫോൻസിയൻ സർവ്വകലാശാല സഹനത്തിന്റെ രൂപാന്തര ശക്തിയെ വെളിവാക്കുന്നു. ``ഗോതമ്പുമണി നിലത്തുവീണഴിയുന്നില്ലെങ്കിൽ അത് അതേ പടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും'' (യോഹ. 12:24) എന്ന അൽഫോൻസാമ്മയുടെ ഇഷ്ടവചനം ഇതിന് ഉത്തമോദാഹരണമാണ്. സഹനം സന്തോഷത്തോടെ സ്വീകരിക്കുമ്പോൾ അവ ഫലദായകമായിത്തീരുന്നു. ധാന്യമണി അഴിയുന്നതിലൂടെ നിറവിൽനിന്നു വിളവിലേക്കുള്ള രൂപാന്തരമാണു സംഭവിക്കുന്നത്. വേദപാരംഗതനായി ഉയർത്തപ്പെട്ട വിശുദ്ധ ഇരണേവൂസ് പഠിപ്പിക്കുന്നു: ``അഴിയുന്ന ധാന്യമണി വിശുദ്ധ കുർബാനയായിത്തീരുന്നു'' (The dying grain becomes the Eucharist). ഗോതമ്പുമണിയിൽനിന്നു വിശുദ്ധ കുർബാനയിലേക്കുള്ള രൂപാന്തരം സാധ്യമാക്കുന്ന അഴുകലും അപ്പമാകലും ആശീർവ്വദിക്കലുമാണ് ജീവിതസഹനങ്ങളിൽ നിറഞ്ഞിരിക്കുന്നതെന്ന ബോധ്യമാണു സഹനത്തിന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കാൻ നമ്മെ സഹായിക്കുന്നത്. സഹനത്തിന്റെ രൂപാന്തര ശക്തിയെ ഉൾക്കൊള്ളുമ്പോൾ ഒരുവൻ കർത്താവിന്റെ കതിരാണോ പിശാചിന്റെ പതിരാണോ എന്നു വിവേചിച്ചു വേർതിരിക്കാനാവും.

**സഹനസ്വീകരണശൈലി**

അൽഫോൻസാമ്മയിൽ നിറയുന്ന അനന്യമായ സഹനസ്വീകരണശൈലി അൽഫോൻസിയൻ സഹനസർവ്വകലാശാലയിൽനിന്നും നാം സ്വന്തമാക്കണം. നൊമ്പരത്തിന്റെ ഒരനുഭവത്തെയും നഷ്ടപ്പെടുത്താതെ എല്ലാം സൂക്ഷിച്ചു മറ്റുള്ളവരുടെ വേദനകളെക്കൂടി നേടിയെടുക്കുന്നതായിരുന്നു അൽഫോൻസാമ്മയുടെ സഹനവിധം. ഒരുവൻപോലും നഷ്ടപ്പെട്ടുപോകാതെ പീഡാനുഭവപൂർത്തിയിൽ

സ്ലീവായിൽ ജീവൻ വെടിഞ്ഞ ഈശോയായിരുന്നു, ഈശോ മാത്ര മായിരുന്നു അമ്മയുടെ സഹനസ്വീകരണമാതൃക. അൽഫോൻസാമ്മ സഹിച്ചത് മിശിഹായ്ക്കും അവന്റെ സഭയ്ക്കുംവേണ്ടിയാണ്. സുവിശേഷത്തിൽ അപ്പം വർദ്ധിപ്പിക്കുന്ന അദ്ഭുതമധ്യേ ആയിര ങ്ങൾ ഓടിക്കൂടി. പീഡനത്തിന്റെ കാസ പാനംചെയ്യുന്ന വേളയിൽ സകലരും ഓടിയൊളിച്ചു. ഈശോ ക്രൂശിൽ ഉയർത്തപ്പെട്ടപ്പോൾ അവശേഷിച്ചവർ സഹനരഹസ്യം തിരിച്ചറിഞ്ഞവരും അതു സ്വീകരിക്കാൻ തയ്യാറായവരുമാണ്. മിശിഹായുടെ സഹനത്തിന്റെ പാത പിന്തുടരുന്ന ചെറിയ ഗണത്തെക്കുറിച്ച് വെളിപാടുപുസ്തകം 7:14 വെളിവാക്കുന്നു: "ഇവരാണ് വലിയ ഞെരുക്കത്തിൽനിന്ന് വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ."

സഹനത്തിലും അവശേഷിക്കുന്നവരുടെ ആധുനികഗണ ത്തിന്റെ ആദ്യനിരയിലാവും അൽഫോൻസാമ്മയുടെ സ്ഥാനം. സഹനസ്വീകരണത്തിൽ അൽഫോൻസാമ്മ സ്നേഹിച്ചത് കുരിശിനെയല്ല ക്രൂശിതനെയാണ്; സഹിച്ചത് സ്വശരീരത്തിനു വേണ്ടിയല്ല; മിശിഹാ ശിരസ്സായ തിരുസ്സഭയാകുന്ന ശരീരത്തിനു വേണ്ടിയാണ്. സമകാലീനകാലത്തിലും തിരുസ്സഭയുടെ നൊമ്പര ങ്ങളിൽ ചേർന്നുനിൽക്കാൻ നമുക്കു കഴിയണം. സഭയുടെ പ്രതിസന്ധികളിൽ വിമർശനത്തിന്റെ വാക്ശരങ്ങളാൽ മുറിവുകൾ ആഴപ്പെടുത്താതെ ആശ്വാസമേകുന്ന, സാന്ത്വനമേകുന്ന സംഭാ ഷണങ്ങളാൽ ചേർന്നുനിൽക്കുന്ന സാന്നിധ്യമാകാനാണ് അൽഫോൻ സിയൻ സഹനാധ്യാത്മികത നമ്മെ പഠിപ്പിക്കുന്നത്. അപ്പോഴാണ് ഇക്കാലത്തും മിശിഹായ്ക്കും അവന്റെ സഭയ്ക്കുംവേണ്ടി സഹിക്കു ന്നവരുടെ നിരയിലേക്കും രക്ഷിക്കപ്പെട്ടവരുടെ ഗണത്തിലേക്കും നമ്മുടെ പേരുകളും എഴുതിച്ചേർക്കപ്പെടുന്നത്. ലത്തീൻ ഭാഷപ്ര യോഗമായ *Per Crucem Ad Lucem* (കുരിശിലൂടെ പ്രകാശത്തി ലേക്ക്) സഹനമാകുന്ന ഇടുങ്ങിയ വഴിയിലൂടെ നിത്യപ്രകാശമായ മിശിഹായിൽ എത്തിച്ചേരുന്ന അൽഫോൻസിയൻ സഹനസ്വീക രണരഹസ്യം വെളിവാക്കുന്നു.

"കുരിശ് ഈശോയുടെ മരണക്കിടക്ക മാത്രമല്ല; അവിടുന്ന് ഇരുന്നു പഠിപ്പിക്കുന്ന സിംഹാസനംകൂടിയാണ്" എന്ന് വിശുദ്ധ

ആഗസ്തീനോസ് ഉദ്ബോധിപ്പിക്കുന്നു. അൽഫോൻസാമ്മയുടെ വിശുദ്ധ കുടീരത്തെക്കുറിച്ചും നമുക്ക് ഇപ്രകാരം പറയാം: ഭരണങ്ങാനത്തെ അൽഫോൻസാമ്മയുടെ കബറിടം, അമ്മ അന്ത്യവിശ്രമം കൊള്ളുന്ന ഇടം മാത്രമല്ല; സഹനമാഹാത്മ്യം അഭ്യസിപ്പിക്കുന്ന സർവ്വകലാശാലകൂടിയാണ്. ഭാരതസഭയ്ക്ക്, സവിശേഷമായി കേരളസഭയ്ക്ക്, സഹനരഹസ്യം മനസ്സിലാക്കാനുള്ള പാഠശാലയായ അൽഫോൻസാമ്മയുടെ സന്നിധിയിലണഞ്ഞ് ശ്രദ്ധയോടെ ശ്രവിച്ചാൽ അമ്മയുടെ സ്വരം കേൾക്കാനാവും: *Parate viam Domini* (കർത്താവിന്റെ വഴിയൊരുക്കുവിൻ) സഹനവേളയിലും കർത്താവിന്റെ വഴിയൊരുക്കാനുള്ള അമ്മയുടെ ആഹ്വാനം നമുക്കു സ്വീകരിക്കാം. അൽഫോൻസാമ്മയുടെ തിരുനാൾ മംഗളങ്ങൾ നേരുകയും ഏവരെയും അൽഫോൻസാമ്മയ്ക്കു സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

2022 ജൂലൈ 07 ന് ദീപിക സപ്ലിമെന്റിൽ പ്രസിദ്ധീകരിച്ച ലേഖനം




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ**

ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ അൽഫോൻസാമ്മയുടെ തിരുനാൾ ഭക്തിനിർഭരമായി ആചരിച്ചു. പ്രധാനതിരുനാൾ ദിനമായ ജൂലൈ 28ന് രാവിലെ 10.30 ന് സീറോ മലബാർ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിപിതാവ് റാസക്കുർബാനയർപ്പിച്ച് സന്ദേശംനൽകി. 19-ാം തീയതി മുതൽ നൊവേന ദിവസങ്ങളിൽ സീറോ മലങ്കര സഭയുടെ തലവനായ അത്യുന്നത കർദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമീസ്, മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, റൈറ്റ് റവ.ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, മാർ മാത്യു അറയ്ക്കൽ, മാർ ജോർജ്ജ് മഠത്തിക്കണ്ടം, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, മാർ മാത്യു വാണിയകിഴക്കേൽ എന്നീ പിതാക്കന്മാർ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. കൊച്ചി രൂപത ബിഷപ് റൈറ്റ് റവ.ഡോ. ജോസഫ് കരിയിൽ, ഉജ്ജെയ്ൻ രൂപത ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ എന്നിവർ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

നൊവേന ദിവസങ്ങളിൽ 5.30am, 6.30am, 8.00am, 11.00am, 2.30pm, 5.00pm എന്നീ സമയങ്ങളിൽ വിശുദ്ധ കുർബാന ഉണ്ടായിരുന്നു. എല്ലാ ദിവസവും വൈകുന്നേരം 5.00 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം ജപമാലയും മെഴുകുതിരി പ്രദക്ഷിണവും ഭക്തിപൂർവ്വം നടത്തി. 27-ാം തീയതി വൈകുന്നേരം 5 മണിക്ക് ഫൊറോന ദൈവാലയത്തിൽ പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സുറിയാനിയിൽ വിശുദ്ധകുർബാന അർപ്പിച്ചു. തുടർന്ന് വിശുദ്ധ അൽഫോൻസാമ്മ താമസിച്ചിരുന്ന ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ്

മഠത്തിലേക്കു പ്രദക്ഷിണം നടത്തി. ലദീഞ്ഞ്, തിരുനാൾ സന്ദേശം എന്നിവയ്ക്കു ശേഷം പ്രദക്ഷിണം പള്ളിയിൽ തിരിച്ചെത്തി.

പ്രധാനതിരുനാൾദിനമായ ജൂലൈ 28 രാവിലെ 7.00 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് നേർച്ചയപ്പം വെഞ്ചെരിച്ചു. അത്യുന്നത കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിപിതാവ് അർപ്പിച്ച റാസക്കുർബാനയ്ക്ക്ശേഷം ഭക്തിനിർഭരമായ തിരുനാൾ പ്രദക്ഷിണം നടത്തി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ 14-ാം വാർഷികമായതിനാൽ തുടർച്ചയായി 14 വിശുദ്ധ കുർബാനകൾ തിരുനാൾദിനത്തിൽ അർപ്പിച്ചു.

തിരുനാളിനോടനുബന്ധിച്ച് ശ്രവണപരിമിതർക്കായി ഫാ. ബിജു മുല്ലക്കരയുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. 400 ശ്രവണപരിമിതർ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി ഈ കുർബാനയിൽ ആംഗ്യഭാഷയിലൂടെ പങ്കെടുത്തത് ഒരു പുത്തൻ ആത്മീയാനുഭവമായി. രാത്രി 9.30ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അൽഫോൻസാമ്മ ഭക്തരുടെ അഭ്യർത്ഥനപ്രകാരം, പ്രവാസികൾക്കായി പാലാരൂപതാ പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

ഫ്രാൻസിസ്ക്കൻ അൽമായസഭ, പാലാരൂപതാ മാതൃവേദി, വിവിധരൂപതകളിലെ കെ.സി.വൈ.എം. അംഗങ്ങൾ, കുഞ്ഞുമിഷനറിമാർ എന്നിവർ കബറിടത്തിങ്കലേയ്ക്ക് ജപമാല റാലിയായിയെത്തി പ്രാർത്ഥിച്ചു.

ചങ്ങനാശ്ശേരി അതിരൂപതയിലേക്കും കൊട്ടിയൂർ അൽഫോൻസാ ഇടവകയിലേക്കും അൽഫോൻസാമ്മയുടെ തിരുസ്വരൂപം അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽനിന്നും പേടകപ്രയാണ യാത്രയായി കൊണ്ടുപോയി. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പ്രയാണയാത്ര ഉദ്ഘാടനം ചെയ്തു.

തിരുനാളിനൊരുക്കമായി വോളണ്ടിയേഴ്സ് മീറ്റിംഗ്, ഉദ്യോഗതല മീറ്റിംഗ് എന്നിവയിലൂടെ തീർത്ഥാടകരെ സ്വീകരിക്കുവാനുള്ള ഒരുക്കങ്ങൾ നടത്തി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. കലോത്സവം 2022-2023**

ഈ വർഷത്തെ രൂപതാ കലോത്സവം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ ബുള്ളറ്റിൻ (Bulletin No. 2) Pdf രൂപത്തിൽ വികാരിയച്ചന്മാരുടെയും സൺഡേ സ്കൂൾ ഡയറക്ടർമാരുടെയും പ്രഥമാധ്യാപകരുടെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നല്കിയിട്ടുണ്ട്. മത്സരയിനങ്ങളും മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകളും മറ്റു വിശദാംശങ്ങളും ഈ വാർത്താപത്രികയിൽനിന്നു വായിച്ചു മനസ്സിലാക്കുമല്ലോ. ഈ വർഷത്തെ രൂപതാ രചനാമത്സരങ്ങൾ 2022 സെപ്റ്റംബർ

4-ാം തീയതി ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചും കലാമത്സരങ്ങൾ 2022 ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ പാലാ സെന്റ് തോമസ് HSS -ൽ വച്ചും നടത്തപ്പെടും.

**2. ജീവദർശൻ കോഴ്സ് 2022-2023**

രൂപതയിലെ വിശ്വാസപരിശീലകർക്കുവേണ്ടി ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സംഘടിപ്പിക്കുന്ന തുടർപരിശീലനപദ്ധതിയായ ജീവദർശൻ കോഴ്സ് 2022 ആഗസ്റ്റ് 8 തിങ്കളാഴ്ച ആരംഭിക്കും. കോഴ്സിൽ പങ്കെടുക്കാൻ പേരു നല്കിയവർ ഭരണങ്ങാനത്തുള്ള മാതൃഭവനിൽ രാവിലെ 9.30 ന് മുമ്പായി എത്തിച്ചേരേണ്ടതാണ്.

**3. പ്രമോട്ടർമാരുടെ സന്ദർശനം**

രൂപതയിലെ സൺഡേസ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശ്വാസപരിശീലകരും കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനുമായി രൂപത പ്രമോട്ടേഴ്സ് 2022 ജൂലൈ 31 ഞായറാഴ്ച മുതൽ സൺഡേസ്കൂൾ സന്ദർശനം ആരംഭിച്ചു.

**4. രൂപത പ്രമോട്ടേഴ്സ് ടീം സമ്മേളനം**

രൂപത പ്രമോട്ടർമാരുടെ സൺഡേസ്കൂൾ സന്ദർശനത്തിനു മുന്നോടിയായി രൂപതയിലെ വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിംഗ് 2022 ജൂലൈ 16 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**5. CTP കോഴ്സ് 2022-2023**

2022 - 2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ആദ്യത്തെ ക്ലാസ്സ് 2022 ജൂലൈ 9 ശനിയാഴ്ച നടത്തപ്പെട്ടു. ഈ വർഷം 165 പേർ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്.

ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾ:

| | | |
|---|---|---|
| ആഗസ്റ്റ് 8 തിങ്കൾ | Church History I | : ഡോ. ജയിംസ് പുലിയുറുമ്പിൽ |
| ആഗസ്റ്റ് 13 ശനി | Bible I | : ഡോ. തോമസ് വടക്കേൽ |
| ആഗസ്റ്റ് 18 വ്യാഴം | Church History I | : ഡോ. ജയിംസ് പുലിയുറുമ്പിൽ |

**6. സഭാതല പാഠപുസ്തകനവീകരണകമ്മറ്റി യോഗം**

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലനകമ്മീഷന്റെ നേതൃത്വത്തിലുള്ള പാഠപുസ്തകനവീകരണകമ്മിറ്റി ജൂലൈ 21, 22 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ നമ്മുടെ രൂപതയിൽനിന്നുള്ള രണ്ടു വിശ്വാസപരിശീലകർ പങ്കെടുത്തു.

**7. സൺഡേസ്കൂൾ സന്ദർശനം**

രൂപതയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമായി ജൂലൈ മാസത്തിലെ

വിവിധ ഞായറാഴ്ചകളിൽ കൂട്ടിക്കൽ, കൂടല്ലൂർ, മോനിപ്പള്ളി എന്നീ ഇടവകകളിലെ സൺഡേ സ്കൂളുകൾ വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദർശിച്ചു.

**സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലനരംഗം**

**8. Question Board Meeting**

സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകളിലെ പരീക്ഷകൾക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ സമ്മേളനം 2022 ജൂലൈ 25 തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

**9. പ്രഥമാധ്യാപകസമ്മേളനം**

രൂപതയിലെ സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2022 ഓഗസ്റ്റ് മാസം 4-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിമുതൽ നാലു മണിവരെ പാലാ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് അദ്ധ്യക്ഷ്യത വഹിക്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ദുക്റാനത്തിരുനാൾ ആചരണം**

റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും മാർ തോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാളും സഭാദിനവും ഭക്ത്യാദരപൂർവ്വം ആചരിച്ചു.

**2. ഇടയസന്ദർശനം**

**a) സെന്റ് അൽഫോൻസാ ചർച്ച് മനേജാ**

ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന്റെ റീജണൽ സന്ദർശനം മാനേജ സെന്റ് അൽഫോൻസാ പള്ളിയിൽനിന്ന് ആരംഭിച്ചു. ഗുജറാത്ത് റീജണൽ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിലും മനേജാ വികാരി റവ. ഫാ. ടോം വടക്കേക്കരയും ചേർന്ന് വഡോദരാ എയർപോർട്ടിൽ അഭിവന്ദ്യപിതാവിനെ സ്വീകരിച്ചു. മനേജാ ഇടവകദൈവാലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അഭിവന്ദ്യ പിതാവ് വിലയിരുത്തി. പരിശുദ്ധ കുർബാനയർപ്പണത്തിനുശേഷം നടന്ന പൊതുയോഗത്തിൽ അഭിവന്ദ്യ പിതാവ് ഇടവകാംഗങ്ങളോടു സംവദിക്കുകയും ചെയ്തു.

**b) സെന്റ് തോമസ് കുർബാന സെന്റർ, ബാറൂച്ച്**

ബാറൂച്ച് സെന്റ് തോമസ് കുർബാന സെന്ററിൽ അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ പള്ളിക്കമ്മിറ്റികൂടി പുതുതായി ലഭിച്ച സ്ഥലത്ത് ദൈവാലയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു.

### c) സെന്റ് തോമസ് കുർബാന സെന്റർ, അങ്കലേശ്വർ

ജൂലൈ 9-ാം തീയതി വൈകുന്നേരം അങ്കലേശ്വറിൽ സെന്റ് തോമസ് ഡേ ആഘോഷിച്ചു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് സ്നേഹവിരുന്നോടുകൂടി ചടങ്ങുകൾ സമാപിച്ചു. വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ ചർച്ചകൾക്കു നേതൃത്വം നൽകി.

### d) കൂടിക്കാഴ്ച

ഒൻപതാം തീയതി ബറോഡാ രൂപതയുടെ ചുമതല വഹിക്കുന്ന ആർച്ചു ബിഷപ്പ് സ്റ്റാൻലിയെയും പതിനഞ്ചാം തീയതി അഹമ്മദാബാദ് ബിഷപ് രത്നസ്വാമിയെയും പതിനാറാം തീയതി ഗാന്ധിനഗർ ആർച്ചു ബിഷപ് തോമസ് മക്വാനെയും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവും വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിലും സന്ദർശിക്കുകയും അജപാലനശുശ്രൂഷ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും കൂടുതൽ സഹകരണവും പരസ്പര ധാരണയും ഉറപ്പുവരുത്തുകയും ചെയ്തു.

തുടർന്ന്, ഗുജറാത്തിലെ ജെസ്യൂട്ട് പ്രൊവിൻഷ്യൽ റവ. ഫാ. ദുരൈയെ സന്ദർശിക്കുകയും ഈശോസഭക്കാരുടെ വിവിധ ഇടവക ദൈവാലയങ്ങളുമായി കൂടുതൽ സഹകരണത്തിന് ധാരണയാവുകയും ചെയ്തു.

### e) മദർ മേരി കുർബാന സെന്റർ, ബാപ്പുനഗർ

ബാപ്പുനഗർ മദർ മേരി കുർബാന സെന്ററിന്റെ വൈദികമന്ദിരത്തിന്റെയും ചാപ്പലിന്റെയും വെഞ്ചെരിപ്പ് ജൂലൈ 15-ാം തീയതി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ഗുജറാത്ത് റീജണൽ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ, വികാരി റവ. ഫാ മാത്യു കോലത്ത് എന്നിവർ സഹകാർമ്മികരായിരുന്നു. റീജണിലെ എല്ലാ വൈദികരും സന്നിഹിതരായിരുന്നു. തദവസരത്തിൽ മരിയഭവനും ചാപ്പലിനുമായി പാലാ രൂപതയിലെ വിവിധ ഇടവകകളായ ളാലം, മോനിപ്പള്ളി, രാമപുരം, തീക്കോയി, അരുവിത്തുറ എന്നീ ഇടവകകളിൽനിന്ന് ഉദാരമായി ലഭിച്ച സാമ്പത്തികസഹായങ്ങളെയും വ്യക്തിഗതമായി സഹകരിച്ച പാലാ രൂപതയിലെ വൈദികരെയും വികാരി റവ.ഫാ. മാത്യു കോലത്ത് പ്രത്യേകം അനുസ്മരിച്ചു.

### f) സെന്റ് മേരീസ് കുർബാന സെന്റർ, തൽത്തേജ്

ജൂലൈ 17 ഞായറാഴ്ച ഷംഷാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് തൽത്തേജ് പള്ളിയിൽ സന്ദർശനം നടത്തി. അന്ന് രാവിലെ 11.30ന് പള്ളിയിൽവച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ അഭിവന്ദ്യ തട്ടിൽ പിതാവ് അധ്യക്ഷത വഹിച്ചു. ഗുജറാത്ത് റീജണൽ വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ, അഹമ്മദാബാദ് സോണൽ വികാരി റവ. ഫാ. മാത്യു വെങ്ങാലൂർ, വികാരി ഫാ. ജോസഫ് കല്ലാച്ചേരിൽ, കൈക്കാരന്മാർ എന്നിവർ പ്രസംഗിച്ചു.

g) **സെന്റ് മേരീസ് കുർബാന സെന്റർ, വഡോദര**

ജൂലൈ 17 ഞായറാഴ്ച ഷംഷാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഇടവക സന്ദർശിക്കുകയും പരിശുദ്ധ കുർബാനയർപ്പിക്കുകയും കുട്ടികൾക്ക് തൈലാഭിഷേകകൂദാശ പരികർമ്മം ചെയ്യുകയും ചെയ്തു. ഗുജറാത്ത് റീജണൽ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ, റവ. ഫാ. ജോബി പാലയ്ക്കത്തടത്തിൽ MST, റവ. ഫാ. വിൻസെന്റ് മൂന്നുപീടികയിൽ എന്നിവർ ശുശ്രൂഷകൾക്കു സഹകാർമ്മികത്വം വഹിച്ചു.

**3. ഗ്രാൻഡ് പേരൻസ് ഡേ**

ഗ്രാൻഡ് പേരൻസ് ഡേ ജൂലൈ 24 ന് റീജണിലെ എല്ലാ ഇടവകകളിലും സമുചിതമായി ആചരിച്ചു. അന്നേദിവസം ഇടവകാംഗങ്ങളായ മുതിർന്നവരെ പ്രത്യേകമായി ആദരിക്കുകയും അവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**4. സാന്തോം യൂത്ത് മൂവ്മെൻറ് (SYM)**

a) **വാർഷിക സെനറ്റും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

SYM ഗുജറാത്ത് റീജണൽ സമിതിയുടെ വാർഷിക സെനറ്റ് ജൂലൈ മൂന്നാം തീയതി വഡോദര സേവാസി സെന്റ് ഫ്രാൻസിസ് സേവിയർ സെന്ററിൽ വച്ച് നടക്കുകയുണ്ടായി. 2022-23 പ്രവർത്തനവർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. നിബിൽ തോമസ് (സിൽവാസ) പ്രസിഡന്റായും റോസറിൻ മരിയ (വാപ്പി) സെക്രട്ടറിയായും ജിഷി തട്ടിൽ (മണിനഗർ) ട്രഷററായും ഉള്ള പത്തംഗ ഭരണസമിതിയെ തിരഞ്ഞെടുത്തു. റീജണൽ ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര തിരഞ്ഞെടുപ്പു പ്രക്രിയകൾക്കു നേതൃത്വം നൽകി.

b) **നേതൃത്വ പരിശീലന ക്യാമ്പ് (ലൂമെൻ 22)**

ജൂലൈ 2, 3 തീയതികളിൽ ഗുജറാത്ത് റീജിയണിലെ ഇടവകകളിൽനിന്നും കുർബാന സെന്ററുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളുടെ സംഗമം 'ലൂമൻ 22' വഡോദരയിലെ സേവാസിയിൽ വച്ചു നടന്നു. സോണൽ വികാരി റവ. ഫാ. ജോബി പാലയ്ക്കത്തടത്തിൽ MST ഉദ്ഘാടനം നിർവഹിച്ചു. റവ. ഫാ. സാബു കുമ്പുക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. റീജണൽ ഡയറക്ടറും ബറോഡ സോണൽ ടീം അംഗങ്ങളും ക്യാമ്പിനെ നേതൃത്വം നൽകി. വിവിധ പള്ളികളിൽനിന്നായി 95 യുവജനങ്ങൾ പങ്കെടുത്തു.

c) **എന്തുസിയ കപ്പ് 2022 – ഫുട്ബോൾ മേള**

യുവജനങ്ങളുടെ നേതൃത്വത്തിൽ വഡോദരയിലെ മറ്റ് എക്യുമെനിക്കൽ ദേവാലയങ്ങളെ ഉൾപ്പെടുത്തി ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. 10 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. SYM മനേജ പരിപാടികൾക്ക് നേതൃത്വം നൽകി.

**5. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആചരണം**

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും ഭക്ത്യാദരപൂർവ്വം ആചരിച്ചു.

**6. ദൈവാലയനിർമ്മാണപുരോഗതി**

മനേജായിലെ ദൈവാലയനിർമ്മാണപ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടു പോകുന്നു. ഒന്നാംഘട്ടമായ ബെയ്സ്മെന്റ് ഇടവകാംഗങ്ങളുടെയും മറ്റുള്ളവരുടെയും നിർലോഭമായ സാമ്പത്തിക സഹകരണത്താൽ പൂർത്തീകരിക്കാൻ സാധിച്ചു. പാലാ രൂപതയിൽനിന്ന് സാമ്പത്തികമായി സഹായിച്ച ഇടവകകൾ

1. സെന്റ് ജോർജ് പുത്തൻപള്ളി ളാലം – 3,06,400/
2. സെന്റ് മേരീസ് ഫൊറോനാപ്പള്ളി കടുത്തുരുത്തി– 2,00,000/
3. സെന്റ് അഗസ്റ്റിൻസ് ഫൊറോനാ ചർച്ച് കടനാട് – 25,000/

ഉദാരമായി സഹായിച്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടും കൊച്ചച്ചന്മാരോടും മനേജ ഇടവകസമൂഹത്തിന്റെ പ്രത്യേകമായ നന്ദി അറിയിക്കുന്നു.

**7. റീജണൽ പ്രിസ്ബിത്തേരിയം**

റീജണൽ പ്രിസ്ബിത്തേരിയം ജൂലൈ 5–ാം തീയതി ബാറൂച്ചിൽ വച്ച് നടത്തപ്പെട്ടു. റീജണിലെ എല്ലാ വൈദികരും അതിൽ സംബന്ധിച്ചു.

**മോൺ. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ജൂലൈ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂലൈ 3 ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ നടന്നു. രൂപത പ്രസിഡന്റ് ശ്രീ. ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അതു പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ജൂലൈ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**2. പാലാ രൂപതയ്ക്ക് ഒന്നാം സ്ഥാനം**

ചെറുപുഷ്പമിഷൻ ലീഗ് സംസ്ഥാന സമിതി നടത്തിയ ജൂബിലി മെഗാക്വിസ് മത്സരത്തിൽ പാലാരൂപത ടീം ഒന്നാം സ്ഥാനം നേടി. ശ്രീ ബാബു പോൾ (ഭരണങ്ങാനം), കുമാരി ലീനു കെ. ജോസ് (പ്ലാശനാൽ), കുമാരി എമിൽ ജോഷി (തീക്കോയി) എന്നിവരാണ് രൂപതയെ പ്രതിനിധീകരിച്ചു പങ്കെടുത്തത്. ജൂലൈ 9 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ നടന്ന മത്സരത്തിൽ വിവിധ രൂപതകളിൽനിന്നു ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിൽ സമ്മാനം വിതരണം ചെയ്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**3. ഓർഗനൈസേഴ്സ് മീറ്റിംഗ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത ഓർഗനൈസേഴ്സ് മീറ്റിംഗ് ജൂലൈ 23 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ നടന്നു. ഉച്ചകഴിഞ്ഞ് 2.30 നു വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടദൈവാലയത്തിൽ പാലാ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മാതൃഭവനിൽ നടന്ന മീറ്റിംഗിൽ രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ചു. ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന റീജിയണൽ ഓർഗനൈസർ തോമസ് അടുപ്പുകല്ലുങ്കൽ ക്ലാസ് നയിച്ചു. തുടർന്നു നടന്ന ചർച്ചകൾക്കു രൂപത ഓർഗനൈസർ ശ്രീ അമൽ സെബാസ്റ്റ്യൻ നേതൃത്വം നൽകി. രൂപതയിലെ 17 ഫൊറോനകളിൽനിന്നുമുള്ള പ്രസിഡന്റ്, സെക്രട്ടറി, ജനറൽ ഓർഗനൈസർമാർ എന്നിവരും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുത്തു.

**4. സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ ജൂലൈ മാസത്തിലെ സെക്രട്ടേറിയറ്റ് യോഗങ്ങൾ 2, 22 എന്നീ തീയതികളിൽ നടന്നു.

**5. കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ജൂലൈ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലവാർത്തകൾ**

**1. അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

ജൂലൈ മാസത്തെ മേഖല എക്സിക്യൂട്ടീവ് ജൂലൈ 9 ശനിയാഴ്ച അരുവിത്തുറയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**അൽത്താരബാലസംഗമം**

ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അരുവിത്തുറ മേഖലയിലെ വിവിധ ശാഖകളിലെ അൽത്താരബാലന്മാരുടെ സംഗമം ജൂലൈ 9 ശനിയാഴ്ച അരുവിത്തുറ സെന്റ് ജോർജ്ജ് കോളജിൽ വച്ചു നടന്നു.

**മാനേജിംഗ് കമ്മിറ്റി**

മിഷൻലീഗ് മേഖലാ കലോത്സവത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി മേഖല മാനേജിംഗ് കമ്മിറ്റി ജൂലൈ 17 ഞായറാഴ്ച അരുവിത്തുറയിൽ നടന്നു.

**തീർത്ഥാടനം**

ചെറുപുഷ്പമിഷൻലീഗ് അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ ജൂലൈ 23 ശനിയാഴ്ച വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടവും പാലാ രൂപത പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽപിതാവിന്റെ കബറിടവും സന്ദർശിച്ചു. വിവിധ ശാഖകളിലെ പ്രതിനിധികൾ സംബന്ധിച്ചു.

**2. കടനാട് മേഖല**

**പ്രവർത്തനവർഷോദ്ഘാടനം**

മേഖല പ്രവർത്തനവർഷോദ്ഘാടനം ജൂലൈ 17 ഞായറാഴ്ച നടന്നു. മേഖല പ്രസിഡന്റ് ശ്രീ ജോബി വല്ലനാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മേഖല രക്ഷാധികാരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുരയിൽ ഉദ്ഘാടനം നിർവഹിച്ചു. ഡയറക്ടർ ഫാ. അലക്സ് വടശ്ശേരി സന്ദേശം നല്കി. സെക്രട്ടറി ശ്രീ ബിനോയി, ഓർഗനൈസർ ജോമിൻ ജോണി, വൈസ് ഡയറക്ടർ സി. മെർലിറ്റ് എന്നിവർ സംസാരിച്ചു.

**3. കുറവിലങ്ങാട് മേഖല**

**എക്സിക്യൂട്ടീവ്**

ജൂലൈ മാസത്തിലെ എക്സിക്യൂട്ടീവ് യോഗം ജൂലൈ 3 ഞായറാഴ്ച പ്രസിഡന്റ് ശ്രീ അമൽ വാക്കാട്ടിൽ പുത്തൻപുരയുടെ അധ്യക്ഷതയിൽ നടന്നു.

**പ്രവർത്തനവർഷോദ്ഘാടനം**

മേഖല പ്രവർത്തനവർഷോദ്ഘാടനം ജൂലൈ 17 ഞായറാഴ്ച മോനിപ്പള്ളി സെന്റ് തോമസ് ദൈവാലയത്തിൽ ബഹുമാനപ്പെട്ട രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ നിർവ്വഹിച്ചു. മേഖല പ്രസിഡന്റ് ശ്രീ അമൽ സെബാസ്റ്റ്യൻ പതാക ഉയർത്തി. രൂപതാ ഡയറക്ടറും മേഖലാ ഡയറക്ടറും ശാഖാ ഡയറക്ടറും ചേർന്നർപ്പിച്ച വിശുദ്ധ കുർബാനയിലും തുടർന്ന് നടന്ന പ്രേഷിത റാലിയിലും സമ്മേളനത്തിലും മേഖലയിലെ വിവിധ ശാഖകളിൽനിന്നുമെത്തിയ കുഞ്ഞുമിഷനറിമാരും മതാധ്യാപകരും സജീവമായി പങ്കെടുത്തു.

**4. രാമപുരം മേഖല**

**പ്രവർത്തനോദ്ഘാടനവും എയ്ഞ്ചൽസ് മീറ്റും**

മേഖല പ്രവർത്തനവർഷോദ്ഘാടനവും എയ്ഞ്ചൽസ് മീറ്റും ജൂലൈ 17 ഞായറാഴ്ച രാമപുരം ഫൊറോനപള്ളിയിൽ നടന്നു. മേഖലാരക്ഷാധികാരി റവ. ഡോ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം നിർവഹിച്ചു പ്രസിഡന്റ് അപ്പച്ചൻ കിഴക്കേക്കുന്നേൽ അധ്യക്ഷത വഹിച്ചു. എയ്ഞ്ചൽസ് മീറ്റിൽ രാമപുരം മേഖലയിലെ വിവിധ ഇടവകകളിൽനിന്നായി 200 ൽപ്പരം കുട്ടികൾ സംബന്ധിച്ചു.

**പ്രഥമാധ്യാപകരുടെസമ്മേളനം**

മേഖലയിലെ വിവിധ ശാഖകളിലെ പ്രഥമാധ്യാപകരുടെ സമ്മേളനം ജൂലൈ 3 ഞായറാഴ്ച രാമപുരത്തു നടന്നു. മേഖല രക്ഷാധികാരി റവ. ഡോ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖല ഡയറക്ടർ ഫാ. ജോർജ്ജ് ഈറ്റയ്ക്കക്കുന്നേൽ, പ്രസിഡന്റ് അപ്പച്ചൻ കിഴക്കേക്കുന്നേൽ, സെക്രട്ടറി ലിയോ ജോസ്, ഓർഗനൈസർ സൈജു കോലത്ത് എന്നിവർ സംസാരിച്ചു.

**5. കൂട്ടിക്കൽ മേഖല**

**പ്രവർത്തനവർഷോദ്ഘാടനം**

മേഖല പ്രവർത്തനവർഷോദ്ഘാടനം ജൂലൈ 10 ഞായറാഴ്ച കൂട്ടിക്കൽ സെന്റ് ജോർജ്ജ് ഫൈറോന ദൈവാലയത്തിൽ നടത്തപ്പെട്ടു. മേഖല പ്രസിഡന്റ്

ജിബിൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൂട്ടിക്കൽ സെന്റ് ജോർജ്ജ് ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് മണ്ണനാൽ പ്രവർത്തനവർഷോദ്ഘാടനം നിർവഹിച്ചു. മേഖല ഡയറക്ടർ ഫാ. സിറിൾ തയ്യിൽ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി സിജോ മാടപ്പള്ളിൽ സ്വാഗതവും വൈസ് ഡയറക്ടർ സി. ചൈതന്യ എഫ്.സി.സി. നന്ദിയും അർപ്പിച്ചു.

**6. പ്രവിത്താനം മേഖല**

**വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

ചെറുപുഷ്പമിഷൻലീഗ് പ്രവിത്താനം മേഖലയുടെ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ജൂൺ 26 ഞായറാഴ്ച നടന്നു. മേഖലയിലെ വിവിധ ശാഖകളിലെ വൈസ് ഡയറക്ടർമാർ പങ്കെടുത്തു. മേഖല പ്രസിഡന്റ് ആകാശ് മാനുവൽ ടോമി, വൈസ് ഡയറക്ടർ സി. ട്രീസ സി.എം.സി. എന്നിവർ നേതൃത്വം നല്കി.

**മാനേജിംഗ് കമ്മിറ്റി, ധ്യാനം, ആരാധന**

മേഖല മാനേജിംഗ് കമ്മിറ്റി ജൂൺ 26 ഞായറാഴ്ച പ്രവിത്താനം ശാഖയിൽ നടത്തപ്പെട്ടു. മേഖലയിലെ എല്ലാ ശാഖകളിലെയും ഭാരവാഹികളും മേഖല എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. മേഖല പ്രസിഡന്റ് ആകാശ് മാനുവൽ ടോമി അധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ സെക്രട്ടറി ജോർജ്ജുകുട്ടി ജോസ് ബജറ്റും കഴിഞ്ഞ വർഷത്തെ കണക്കുകളും അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജോൺ പുറക്കാട്ട് പുത്തൻപുര സന്ദേശം നല്കി. പ്രസ്തുത സമ്മേളനത്തിനു ശേഷം പ്രവിത്താനം സെന്റ് അഗസ്റ്റിൻ ഫൊറോനാപള്ളിയിൽ ധ്യാനവും ആരാധനയും നടത്തി. മേഖല ഡയറക്ടർ ഫാ. ജോൺ പുറക്കാട്ട് പുത്തൻപുര നേതൃത്വം നൽകി.

**സ്നേഹാലയം സന്ദർശനവും ബൈബിൾ ശ്രവണോപകരണ കൈമാറലും**

മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലാഭാരവാഹികൾ ഉള്ളനാട് സ്നേഹാലയം സന്ദർശിച്ചു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി വൈസ് ചെയർമാനും പ്രവിത്താനം മേഖല എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ ജിസ്മോൻ തുടിയൻപ്ലാക്കലിന്റെ സാന്നിധ്യത്തിൽ മേഖല ഡയറക്ടർ ഫാ. ജോൺ പുറക്കാട്ട് പുത്തൻപുര, പ്രസിഡന്റ് ആകാശ് മാനുവൽ ടോമി, സെക്രട്ടറി ജോർജ്ജുകുട്ടി ജോസ് എന്നിവർ ചേർന്ന് സിസ്റ്റേഴ്സിനും അന്തേവാസികൾക്കുമായി ബൈബിൾ ശ്രവണോപകരണം കൈമാറി.

**പ്രവർത്തനവർഷോദ്ഘാടനം**

പ്രവർത്തനവർഷോദ്ഘാടനം ജൂലൈ 10 ഞായറാഴ്ച ഇളംതോട്ടം ശാഖയിൽ നടന്നു. സമ്മേളനത്തിൽ മേഖല ഡയറക്ടർ റവ.ഫാ. ജോൺ പുറക്കാട്ട് പുത്തൻപുര സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡന്റ് ശ്രീ ആകാശ് മാനുവൽ ടോമി തെങ്ങുംപള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ഇളംന്തോട്ടം ശാഖ ഡയറക്ടർ റവ. ഫാ. മൈക്കിൾ കിഴക്കേപ്പറമ്പിൽ പ്രവർത്തനവർഷോദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നല്കി. പ്രസ്തുത സമ്മേളനത്തിൽ മേഖല കർമ്മരേഖ പ്രകാശനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ, ഇളംന്തോട്ടം ശാഖാ

ജോയിന്റ് ഡയറക്ടർ ശ്രീ സാജു സി. അഗസ്റ്റിൻ എന്നിവർ ആശംസകളറിയിച്ചു. മേഖല സെക്രട്ടറി ശ്രീ ജോർജ്ജുകുട്ടി ജോസ് കൃതജ്ഞത അർപ്പിച്ചു.

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 10 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**7. ഭരണങ്ങാനം മേഖല**

**പ്രഥമാധ്യാപകസമ്മേളനം**

മേഖലയിലെ വിവിധ ഇടവകകളിലെ സൺഡേ സ്കൂൾ പ്രഥമാധ്യാപകരുടെ സമ്മേളനം ജൂലൈ 3 ഞായറാഴ്ച ഭരണങ്ങാനത്തു നടന്നു. മേഖല പ്രസിഡന്റ് ശ്രീ ജോയി ആറ്റുചാലിലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളന ത്തിൽ എല്ലാ ശാഖകളിൽനിന്നുമുള്ള പ്രഥമാധ്യാപകർ പങ്കെടുത്തു.

**മാനേജിംഗ് കമ്മിറ്റി**

മേഖലയുടെ മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് ജൂലൈ 10 ഞായറാഴ്ച നടന്നു. എല്ലാ ശാഖകളിലെയും ഭാരവാഹികൾ സമ്മേളനത്തിൽ സംബന്ധിച്ചു.

**8. തുടങ്ങനാട് മേഖല**

**എയ്ഞ്ചൽസ് മീറ്റ്**

ചെറുപുഷ്പ മിഷൻ ലീഗ് തുടങ്ങനാട് മേഖലയുടെ ആഭിമുഖ്യത്തിൽ ഈ വർഷം ആഘോഷമായി വിശുദ്ധ കുർബാന സ്വീകരിച്ച കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് മീറ്റ് ജൂൺ 26 ഞായറാഴ്ച നടന്നു. മേഖലാരക്ഷാധികാരി വെരി റവ. ഫാ. തോമസ് പുല്ലാട്ട് , ഡയറക്ടർ ഫാ. അബ്രാഹം കാക്കാനിയിൽ, മിഷൻലീഗ് മേഖലാഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**9. ചേർപ്പുങ്കൽ മേഖല**

**പ്രവർത്തനവർഷോദ്ഘാടനവും പ്രഥമാധ്യാപകസമ്മേളനവും**

ചെറുപുഷ്പമിഷൻലീഗ് ചേർപ്പുങ്കൽ മേഖലയുടെ പ്രവർത്തനവർഷോദ്ഘാടനം ജൂലൈ 17 ഞായറാഴ്ച ചേർപ്പുങ്കൽ പള്ളിയിൽ നടന്നു. മേഖല പ്രസിഡന്റ് അഖിൽ ജോസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മേഖല ഡയറക്ടർ ഫാ. തോമസ് വാഴയിൽ പ്രവർത്തനവർഷോദ്ഘാടനം നിർവഹിച്ചു. തുടർന്നു നടന്ന പ്രഥമാധ്യാപകസമ്മേളനത്തിൽ മേഖലാ കലോത്സവത്തെപ്പറ്റി ചർച്ച ചെയ്തു. മേഖല ഭാരവാഹികൾ നേതൃത്വം നൽകി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

## കെ.സി.എസ്.എൽ.

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂലൈ 3 ന് ഗൂഗിൾ മീറ്റ് വഴി ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ജൂലൈ 5 ന് നടത്തേണ്ട

ആനിമേറ്റേഴ്സ് മീറ്റ്, കെ.സി.എസ്.എൽ. പ്രവർത്തനവർഷോദ്ഘാടനം എന്നിവയെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

**2. ആനിമേറ്റേഴ്സ് മീറ്റ്**

ജൂലൈ 5 ചൊവ്വാഴ്ച രാവിലെ 10.00 മണിമുതൽ 1.00 മണിവരെ പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ ആനിമേറ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. മീറ്റിംഗിൽ എല്ലാ സ്കൂളുകളിലെയും ഓരോ വിഭാഗത്തിൽനിന്നും ഓരോ ആനിമേറ്റർമാർ പങ്കെടുത്തു. കോർപ്പറേറ്റ് സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അദ്ധ്യക്ഷനായിരുന്ന മീറ്റിംഗിൽ കെ.സി.എസ്.എൽ. പ്രസിഡന്റ് ജിജോ മാത്യു സ്വാഗതം ആശംസിച്ചു. ഫാ. മാത്യൂ ചേന്നാട്ട് (കൺസൾട്ടന്റ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്) ടീച്ചേഴ്സിനായി ക്ലാസ്സ് നയിച്ചു. കെ.സി.എസ്.എൽ. എക്സിക്യൂട്ടീവ് അംഗം സജിമോൻ പി. മാത്യു കൃതജ്ഞതയർപ്പിച്ചു.

**3. കെ.സി.എസ്.എൽ. പ്രവർത്തനവർഷോദ്ഘാടനം**

പാലാ രൂപത കെ.സി.എസ്.എൽ പ്രവർത്തനവർഷോദ്ഘാടനം ജൂലൈ 5 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ പാലാ സെന്റ് മേരീസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മൂല്യങ്ങൾ ഉൾക്കൊണ്ട് സമൂഹനന്മയ്ക്കായി പ്രവർത്തിക്കാൻ മാർ ജോസഫ് കല്ലറങ്ങാട്ട് കുട്ടികളെ ഉദ്ബോധിപ്പിച്ചു. കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അദ്ധ്യക്ഷനായിരുന്നു. കെ.സി.എസ്.എൽ സ്റ്റുഡന്റ്സ് സ്റ്റേറ്റ് ജനറൽ സെക്രട്ടറി അലിറ്റ മനോജ് സ്വാഗതം ആശംസിച്ചു. ഫാ. സെബാസ്റ്റ്യൻ മാപ്രകരോട്ട്, സി. ലിസ്സ്യൂ കുഴിവേലിൽ (എച്ച്. എം, സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ) സി. ജീസാമോൾ ഇഗ്നേഷ്യസ് (പ്രിൻസിപ്പാൾ, സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ) എന്നിവർ ആശംസകൾപ്പിച്ചു. കെ.സി.എസ്.എൽ പാലാ രൂപത സ്റ്റുഡന്റ്സ് ചെയർമാൻ ലിയോ സ്റ്റീഫൻ കൃതജ്ഞതയർപ്പിച്ചു.

**4. ആദരിക്കൽ**

കെ.സി.എസ്.എൽ. മുൻ രൂപത പ്രസിഡന്റ് സാലി കെ.ജെ.യുടെ മൂന്നു വർഷത്തെ നിസ്വാർത്ഥമായ സേവനത്തിന് അംഗീകാരമായി ബിഷപ് ജോസഫ് കല്ലറങ്ങാട്ട് ഉപഹാരം നൽകി ആദരിച്ചു. യുവശാസ്ത്രജ്ഞയ്ക്കുള്ള ദേശീയ അവാർഡ് കരസ്ഥമാക്കിയ ഡോ. സി. ജിഷാ വർഗ്ഗീസിനെയും (അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് തോമസ് കോളേജ്, പാലാ) ബിഷപ് ജോസഫ് കല്ലറങ്ങാട്ട് ഉപഹാരം നൽകി ആദരിച്ചു.

**5. അൽഫോൻസാ കളറിംഗ് മത്സരം**

കെ.സി.എസ്.എൽ പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ എല്ലാവർഷവും നടത്തിവരുന്ന അൽഫോൻസാ കളറിംഗ് മത്സരം ഈ വർഷവും

നടത്തുന്നു. എൽ.പി, യു.പി, എച്ച്.എസ്,എച്ച്.എസ്.എസ് വിഭാഗങ്ങൾ തിരിച്ചാണ് മത്സരം നടത്തുന്നത്. സ്കൂളുകളിൽ ഒന്നാംസ്ഥാനം നേടുന്ന കുട്ടികൾക്ക് രൂപതാതലമത്സരവും ഉണ്ടായിരിക്കുന്നതാണ്.

**6. പ്രവർത്തനവർഷോദ്ഘാടനം**

ചേന്നാട് സെന്റ് മരിയ ഗൊരേത്തി ഹൈസ്കൂളിന്റെ കെ.സി.എസ്.എൽ. പ്രവർത്തനവർഷോദ്ഘാടനം ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നിർവ്വഹിച്ചു. മാനേജർ ഫാ. എബ്രാഹം കുളമാക്കൽ അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് സി. സിസി പരവരാകത്ത്, പി.ടി.എ. പ്രസിഡന്റ് സിബി അരിമറ്റം, ടോം എബ്രാഹം, സീന ജോസ്, ലിൻസി ജോസിറ്റ്, ജിഷ ജെയ്സൺ, സിജോ ജോസ് എന്നിവർ പ്രസംഗിച്ചു.

**7. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂലൈ 25 ന് ഗൂഗിൾ മീറ്റ് വഴി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കുട്ടികൾക്കായുള്ള ലീഡേഴ്സ് ക്യാമ്പ്, അവധിക്കാല ക്യാമ്പ്, കളരി എന്നിവയെക്കുറിച്ച് ചർച്ചചെയ്തു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. പ്രതിഷേധം**

ക്രൈസ്തവരുടെ പ്രധാനതിരുനാൾദിനമായ ജൂലൈ 3, ദുക്റാനത്തിരുനാൾ ദിനം പ്രവൃത്തിദിനമാക്കിയ പൊതുമരാമത്തുവകുപ്പിന്റെ ഉത്തരവിനെതിരേ പ്രതിഷേധിച്ചു.

**2. സഭാദിനാഘോഷം**

ജൂലൈ 3 ദുക്റാനത്തിരുനാൾ ദിനത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സഭാദിനാഘോഷത്തിൽ എസ്.എം.വൈ.എം. പാലാ രൂപതാസമിതി അംഗങ്ങൾ പങ്കെടുത്തു.

**3. ഓൺലൈൻ വെബിനാർ**

എസ്.എം.വൈ.എം. സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ 10 ലക്ഷം ജോലി സാധ്യതകളുമായി കേന്ദ്ര സർക്കാർ ഒരുക്കിയിരിക്കുന്ന പരീക്ഷകൾക്ക് എങ്ങനെ തയ്യാറെടുക്കാം എന്നതിനെ ആസ്പദമാക്കി 2022 ജൂലൈ മൂന്നാം തീയതി ഞായറാഴ്ച രാത്രി 7.30 ന് zoom വഴി ഓൺലൈൻ വെബിനാർ നടത്തപ്പെട്ടു. സീറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം നിർവഹിച്ചു. അരുവിത്തുറ സെന്റ് ജോർജ് കോളജ് റിട്ട. പ്രൊഫ. പയസ് ഒഴക്കൽ, പാലാ സെന്റ് തോമസ് കോളജ് റിട്ട. വൈസ് പ്രിൻസിപ്പൽ പ്രൊഫ. ടോമി ചെറിയാൻ എന്നിവർ വെബിനാർ നയിച്ചു. പാലാ രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള യുവജനങ്ങൾ വെബിനാറിൽ പങ്കെടുത്തു.

**4. സ്കിറ്റ് മത്സരം**

മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളിനോടനുബന്ധിച്ച് എസ്.എം. വൈ.എം. പാലാ രൂപത യുവജനങ്ങൾക്കായി സ്കിറ്റ് മത്സരം നടത്തി. യോഹന്നാൻ 11:16, യോഹന്നാൻ 14:15, യോഹന്നാൻ 20:28 എന്നീ വചനഭാഗങ്ങളിൽനിന്ന് ഏതെങ്കിലും ഒരു വിഷയത്തെ അടിസ്ഥാനമാക്കിയായിരുന്നു സ്കിറ്റ് മത്സരം.

**5. പ്രതിഷേധം**

ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ നവോത്ഥാനനായകരിൽനിന്ന് ചാവറയച്ചന്റെ പേര് ഒഴിവാക്കിയതിനെതിരേ എസ്.എം.വൈ.എം. പാലാ രൂപത പ്രതിഷേധം അറിയിച്ചു.

**6. അൽഫോൻസാ തീർത്ഥാടനം**

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പാലാ രൂപതയിലെ യുവജനങ്ങൾ എസ്.എം.വൈ.എം. രൂപതാസമിതിയുടെ നേതൃത്വത്തിൽ ജൂലൈ 16 ന് അൽഫോൻസാ തീർത്ഥാടനം നടത്തുകയും ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു.

**7. കാർലോസ് കാരവാൻ**

KCYM സംസ്ഥാന സമിതിയുടെ ആഹ്വാനപ്രകാരം കാർലോസ് കാരവാൻ എന്ന പ്രോഗ്രാമിന് എസ്.എം.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ പാലാ ഫൊറോനയും പൂവരണി യൂണിറ്റു സംയുക്തമായി ആതിഥേയത്വം വഹിച്ചു. ജൂലൈ 17 ഞായർ രാവിലെ 9.45 ന് പൂവരണി യൂണിറ്റ് ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് യൂണിറ്റ് രക്ഷാധികാരി റവ. ഫാ മാത്യു തെക്കേൽ ആരാധനയ്ക്കും കുമ്പസാരത്തിനും നേതൃത്വം നൽകുകയും ചെയ്തു. പാലാ ഫൊറോനയിലെ എല്ലാ യുവജനങ്ങളും ഇതിൽ പങ്കെടുത്തു.

**8. YATP 29-ാം ബാച്ച്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ YATP (യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം) 29-ാം ബാച്ചിന്റെ ആദ്യ ക്യാമ്പ് 8-07-2002 വെള്ളിയാഴ്ച അഞ്ചു മണിയോടെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ചു.

പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം നിർവഹിച്ചു. ഫാ. ഡിറ്റോ തോട്ടത്തിൽ ക്ലാസ്സ് നയിച്ചു. 9-07-2022 ശനിയാഴ്ച രാവിലെ പാലാ രൂപതയുടെ വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, മാർ സ്ലീവാ മെഡിസിറ്റി ടീം, ഫാ. ജോർജ് നെല്ലിക്കുന്നു ചെരിവുപുരയിടം എന്നിവർ ക്ലാസ്സുകൾ നയിച്ചു. എസ് എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ആനിമേറ്റർ സിസ്റ്റർ, റീജന്റ് ബ്രദർ, എസ്.എം.വൈ.എം. രൂപത ഭാരവാഹികൾ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**9. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ജൂലൈ-ഓഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കാര്യപരിപാടികൾ തീരുമാനിക്കുന്നതിനുമായി രൂപത ഓഫീസിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളെല്ലാവരും മീറ്റിംഗിൽ സംബന്ധിച്ചു.

**10. യുവജനക്യാമ്പ്**

ജൂലൈ 10-ാം തീയതി പൂവത്തോട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി സംഘടിപ്പിച്ച ഏകദിനയുവജനക്യാമ്പ് Woven 2022 എസ് എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, വൈസ് പ്രസിഡന്റ് റിന്റു റെജി എന്നിവർ പങ്കെടുത്തു.

**11. ലഹരി ബോധവത്കരണസെമിനാറും എക്സിബിഷനും**

ജൂലൈ 17 തീയതി എസ്.എം.വൈ.എം. കുറവിലങ്ങാട് മേഖലയുടെയും കുറിച്ചിത്താനം യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന ലഹരി ബോധവത്കരണസെമിനാറിലും എക്സിബിഷനിലും പാലാ രൂപത ഡയറക്ടർ ഫാ മാണി കൊഴുപ്പൻകുറ്റി, രൂപത ജനറൽ സെക്രട്ടറി ഡിബിൻ വാഴപ്പറമ്പിൽ, രൂപത ട്രഷറർ മെറിൻ തോമസ്, എക്സിക്യൂട്ടീവ് മെമ്പർ ആൽവിൻ എന്നിവർ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. ജാഗരണപ്രാർത്ഥന**

പാലാ ജീസസ് യൂത്ത് ആദ്യവെള്ളിയാഴ്ചകളിൽ നടത്തിയിരുന്ന നൈറ്റ് വിജിൽ പുനരാരംഭിച്ചു. ജൂലൈ ഒന്നാം തീയതി വൈകുന്നേരം 7 മണിക്ക് ജപമാലയോടെ ആരംഭിച്ച ജാഗരണപ്രാർത്ഥന ശനിയാഴ്ച രാവിലെ 5 മണിക്ക് പരിശുദ്ധ കുർബാനയോടെ സമാപിച്ചു. പാലാ ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന കൂട്ടായ്മയിൽ ബഹുമാനപ്പെട്ട ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസെടുത്തു.

**2. Aviv - 2nd Saturday Gathering**

പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ രണ്ടാം ശനിയാഴ്ചകളിൽ 'അവൈവ്' എന്ന പേരിൽ നടത്തിവരുന്ന കുട്ടികൾക്കായുള്ള ഫോളോ അപ്പ് പ്രോഗ്രാം ജൂലൈ 9-ാം തീയതി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. രാവിലെ മുതൽ വൈകുന്നേരം വരെ നടത്തിയ പ്രോഗ്രാമിൽ ആന്റണി, ആൽഫിൻ എന്നിവർ ക്ലാസുകൾ നയിച്ചു. ബഹുമാനപ്പെട്ട ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കോർഡിനേറ്റർ അമല ട്രീസ ജെയിംസ് എന്നിവരുടെ പിന്തുണയോടെ ടീൻസ് ടീം നയിച്ച പ്രോഗ്രാമിൽ 52 പേർ പങ്കെടുത്തു.

**3. പ്രോലൈഫ് എക്സിബിഷൻ**

പാലാ ജീസസ് യൂത്ത് പ്രോലൈഫ് ടീമും SMYM ഭരണങ്ങാനവും ചേർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന പ്രോലൈഫ് എക്സിബിഷൻ വിജയകരമായി തുടരുന്നു. ജൂലൈ 14 മുതൽ ആഗസ്റ്റ് 6-ാം തീയതി വരെ ഭരണങ്ങാനത്തു രാവിലെ 9 മണി മുതൽ വൈകുന്നേരം 9 വരെ നടക്കുന്ന എക്സിബിഷനിൽ അഭിവന്ദ്യ മെത്രാന്മാർ, വൈദികർ തുടങ്ങി അനേകംപേർ സന്ദർശിക്കുകയും ജീവന്റെ മൂല്യം തിരിച്ചറിയുകയും ചെയ്തു. ഭരണങ്ങാനം ഇടവകയുടെ സഹവികാരി ബഹു. ഫാ. ഡൈസൺ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, പ്രോലൈഫ് ടീം കോർഡിനേറ്റർ ഷാരോൺ, മിലു, ഡോൺ, ജീസസ് യൂത്ത് കോർഡിനേറ്റർ അമല ട്രീസ ജെയിംസ്, മറ്റു പ്രോലൈഫ് ടീം അംഗങ്ങൾ എന്നിവരാണ് നേതൃത്വം നൽകിയത്.

**4. ഹൗസ്ഹോൾഡുകൾ**

പാലാ ജീസസ് യൂത്തിന്റെ ജൂലൈ മാസത്തിലെ ഹൗസ്ഹോൾഡ് കൂട്ടായ്മകൾ ജൂലൈ 3 ന് അരുവിത്തുറയിലും ജൂലൈ 17 ന് പാലായിലുമായി നടത്തപ്പെട്ടു.

**5. തേർഡ് സാറ്റർഡേ ഗാതറിംഗ്**

പാലാ ജീസസ് യൂത്ത് അംഗങ്ങളുടെ ഫെല്ലോഷിപ്പ് കൂട്ടായ്മയായ തേർഡ് സാറ്റർഡേ ഗാതറിംഗ് ജൂലൈ 16-ാം തീയതി വൈകുന്നേരം 6 മുതൽ രാത്രി 10 മണി വരെ ഭരണങ്ങാനം മാതൃഭവനിൽ നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിനോടൊപ്പം കോർഡിനേറ്റർ അമല ട്രീസ ജെയിംസും മറ്റു കൗൺസിൽ അംഗങ്ങളും സംബന്ധിച്ച കൂട്ടായ്മയിൽ 50 പേർ പങ്കെടുത്തു.

**6. ഇടവകധ്യാനം**

പാലാ ജീസസ് യൂത്ത് പാരിഷ് ടീമിന്റെ നേതൃത്വത്തിൽ SMYM അരുവിത്തുറ യൂണിറ്റിനോട് ചേർന്ന് 10,11,12 ക്ലാസുകളിലെ സൺഡേസ്കൂൾ കുട്ടികൾക്കായി ജൂലൈ 16-ാം തീയതി അരുവിത്തുറ സെന്റ് ജോർജ് ഫൊറോനപള്ളിയിൽ ഏകദിന പ്രോഗ്രാം നടത്തപ്പെട്ടു. 70 പേർ പങ്കെടുത്ത പ്രോഗ്രാമിൽ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, മാത്യു സാർ, സജി പന്നിയാർകുട്ടി തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**7. പാരിഷ് കോൺഫറൻസ് മൊബിലൈസേഷൻ മീറ്റിംഗ്**

കേരള പാരിഷ് മിനിസ്ട്രി ഒക്ടോബർ മാസത്തിൽ നടത്താൻ പോകുന്ന പാരിഷ് കോൺഫറൻസിന്റെ മുന്നോടിയായി കേരള തലത്തിലുള്ള ടീം അംഗങ്ങളും പാലാ ജീസസ് യൂത്ത് അംഗങ്ങളും ഒന്നിച്ചു പാലായിൽ മീറ്റിംഗ് നടത്തി. കേരള ജീസസ് യൂത്ത് കോർഡിനേറ്റർ ജോൺ സണ്ണി, ഫാ. സൈമൺ കപ്പൂച്ചിൻ, അമൽ, അഭി, അമല ട്രീസ, ആൽബിൻ തുടങ്ങിയവർ മീറ്റിംഗിന് നേതൃത്വം നൽകി. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ പിന്തുണയോടെ ജൂലൈ 16-ാം തീയതി വൈകുന്നേരം മാതൃഭവനിൽവച്ചാണ് മീറ്റിംഗ് നടത്തിയത്.

**8. ക്യാമ്പസ് കോർ ടീം പുനർഘടന**

പാലായിലെ വിവിധ ക്യാമ്പസുകളിലേക്ക് പുതിയ അധ്യയനവർഷത്തിലേക്കുള്ള ജീസസ് യൂത്ത് കോർ ടീമുകളിലെ അംഗങ്ങളെ പാലാ ജീസസ് യൂത്ത്

ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ തിഞ്ഞെടുത്തുകൊണ്ടിരിക്കുന്നു. 7 ക്യാമ്പസുകളിൽ പുതിയ കോർ ടീം ഘടന പൂർത്തിയാക്കി. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെയും കോർഡിനേറ്റർ അമല ട്രീസ ജെയിംസിന്റെയും പിന്തുണയോടെ ക്യാമ്പസ് കോർഡിനേറ്റർ സിജോ, ജേക്കബ്, ബെൻസൺ , മറ്റു ക്യാമ്പസ് ടീം അംഗങ്ങൾ ഇതിനു നേതൃത്വം നൽകുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1. ഓറിയന്റേഷൻ പ്രോഗ്രാം**

ജൂലൈ 1, 6 തീയതികളിൽ കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമിന്റെ ഓറിയന്റേഷൻ പ്രോഗ്രാം ഷാലോം പാസ്റ്ററൽ സെൻറിൽ നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ എന്നിവർ നേതൃത്വം നൽകി.

**2. റിസോഴ്സ് ക്ലാസ്സ്**

ജൂലൈ പത്താം തീയതി ഞായറാഴ്ച വാക്കാട് ഇടവകദൈവാലയത്തിൽ ബഹു. ഡയറക്ടർ അച്ചൻ കുടുംബക്കൂട്ടായ്മ സന്ദേശം നൽകി. അന്നേദിവസം വൈകുന്നേരം നാലുമണിക്ക് ഇടവകയിലെ എല്ലാ കുടുംബക്കൂട്ടായ്മ യൂണിറ്റുകളിലും റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസ് എടുത്തു.

**3. സംഘടനാനേതൃസമ്മേളനം**

പാലാ ബിഷപ്സ് ഹൗസിൽ ജൂലൈ പതിമൂന്നാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് നടന്ന സംഘടന ഭാരവാഹികളുടെ സമ്മേളനത്തിൽ കുടുംബക്കൂട്ടായ്മ രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ, രൂപത ജോയിന്റ് സെക്രട്ടറി ശ്രീ ഷിജു വെള്ളപ്ലാക്കൽ എന്നിവർ പങ്കെടുത്തു.

**4. പാലാദൂത്**

പാലാദൂത് ജൂൺ - ഓഗസ്റ്റ് ലക്കം രൂപതയിലെ എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മ ഭാരവാഹികൾ എത്തിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്കധ്യാനം

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജൂലൈ 4-6** തീയതിയിൽ നടന്ന വിവാഹഒരുക്ക സെമിനാറിൽ 112 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ആഗസ്റ്റ് 15–17, ആഗസ്റ്റ് 31, സെപ്റ്റംബർ 2, സെപ്റ്റംബർ 19–21** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂലൈ മാസത്തിലെ പേരന്റ്സ് മീറ്റിംഗുകളിൽ റവ. ഫാ. തോമസ് മണ്ണൂർ ക്ലാസ്സെടുത്തു. മീറ്റിംഗിൽ 140 മാതാപിതാക്കൾ സംബന്ധിച്ചു.

**4. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ മീറ്റിംഗ്**

ജൂലൈ 31–ാം തീയതി പിഒസിയിൽ കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ മീറ്റിംഗ് നടത്തപ്പെട്ടു. ഡയറക്ടർ ഉൾപ്പെടെ 6 പേർ പങ്കെടുത്തു.

## B. സന്തുഷ്ടകുടുംബപദ്ധതി

2000– മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം (ജൂലൈ മാസത്തിലേത്) 5–ാം തീയതി Bank Transfer വഴി നല്കി.

## C. പിതൃവേദി

**1. അനുമോദനയോഗം**

ജൂലൈ 3–ാം തീയതി ഉള്ളനാട് ഇടവകയിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ Full A+ നേടിയ എല്ലാ കുട്ടികളെയും അനുമോദിക്കുകയും സമ്മാനം നല്കുകയും ചെയ്തു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ പരിപാടിയിൽ സംബന്ധിച്ചു.

**2. പുതിയ യൂണിറ്റ്**

സേവ്യർപുരം ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

**3. സംഘടനായോഗം**

ജൂലൈ 13–ാം തീയതി പാലാ ബിഷപ്സ് ഹൗസിൽ വച്ച് സംഘടനനേതാക്കളുടെ യോഗം നടത്തപ്പെട്ടു. പിതൃവേദി പ്രസിഡന്റ് ശ്രീ ജോസഫ് വടക്കേൽ, സെക്രട്ടറി ശ്രീ ജോസ് മുത്തനാട്ട് എന്നിവർ പങ്കെടുത്തു.

## D. മാതൃവേദി

**1. പുതിയ യൂണിറ്റ്**

സേവ്യർപുരം, ഇടമറ്റം ഇടവകകളിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

**2. രൂപത എക്സിക്യൂട്ടീവ്**

ജൂൺ 29–ാം തീയതി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി ചേരുകയും പുതിയ കർമ്മപദ്ധതികളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**3. സംഘടനായോഗം**

ജൂലൈ 13-ാം തീയതി പാലാ ബിഷപ്സ് ഹൗസിൽ സംഘടനാനേതാക്കളുടെ യോഗം നടത്തപ്പെട്ടു. മാതൃവേദി പ്രസിഡന്റ് ശ്രീമതി സിജി ലൂക്ക്സൺ, സെക്രട്ടറി ശ്രീമതി മേരിക്കുട്ടി അഗസ്റ്റ്യൻ, ട്രഷറർ ശ്രീമതി ആനിയമ്മ അഗസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

**4. അൽഫോൻസാതീർത്ഥാടനം**

പാലാ രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ രൂപതയിലെ മാതാക്കൾ വിശുദ്ധ അൽഫോൻസയുടെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്തി. പാലാ രൂപതയിലെ 17 ഫൊറോനകളിൽപ്പെട്ട 151 യൂണിറ്റുകളിലെയും അംഗങ്ങൾ തീർത്ഥാടനത്തിൽ പങ്കെടുത്തു. രാവിലെ 10.30 ന് രജിസ്ട്രേഷനോടെ പരിപാടികൾ ആരംഭിച്ചു. അൽഫോൻസ തീർത്ഥാടനകേന്ദ്രം റെക്ടർ റവ. ഫാ. ജോസ് വള്ളോംപുരയിടത്തിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. 11 മണിക്ക് നടന്ന വിശുദ്ധ കുർബാനയ്ക്ക് മാതൃവേദി രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ കാർമ്മികത്വം വഹിച്ചു. പിന്നീട് നടന്ന ജപമാലപ്രദക്ഷിണത്തിന് റവ. ഫാ. ജോൺസൺ പുള്ളീറ്റ് നേതൃത്വം നല്കി. ഭരണങ്ങാനം ഫൊറോനദൈവാലയത്തിലേക്ക് നടന്ന ജപമാലപ്രദക്ഷിണം ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റ്യൻ തെരുവത്തിന്റെ സമാപനസന്ദേശത്തോടെ അവസാനിച്ചു. 1400 മാതൃവേദി അംഗങ്ങൾ തീർത്ഥാടനത്തിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും നേർച്ചസദ്യ ഉണ്ടായിരുന്നു.

## E. പ്രോലൈഫ്

**1. സംഘടനായോഗം**

ജൂലൈ 13-ാം തീയതി പാലാ ബിഷപ്സ് ഹൗസിൽ സംഘടനാനേതാക്കളുടെ യോഗം നടത്തപ്പെട്ടു. പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസ്, സെക്രട്ടറി ശ്രീ ഫെലിക്സ് ജെയിംസ് എന്നിവർ പങ്കെടുത്തു.

**2. മീറ്റിംഗ്**

ജൂലൈ 24-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ. ഡോ.ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിംഗ് നടത്തപ്പെട്ടു.

## F. സീറോ മലബാർ പാലാ മാട്രിമണി

**ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവ

സത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9496571321

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. സമുദായസമ്മേളനവും സഭാദിനാചരണവും**

രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 3 ന് അരുവിത്തുറയിൽ സമുദായനേതൃസമ്മേളനവും സഭാദിനാചരണവും നടത്തി. എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം മുഖ്യപ്രഭാഷണം നടത്തി. യൂത്ത് കൗൺസിൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. അഗസ്റ്റ്യൻ പാലയ്ക്കപറമ്പിൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ബിനു ഡൊമിനിക്, ജേക്കബ് മുണ്ടയ്ക്കൽ, സാജു അലക്സ്, ശ്രീമതി ആൻസമ്മ സാബു, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി, ജയ്സൺ കൊട്ടുകാപ്പള്ളി തുടങ്ങിയവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.

**2. ബഫർസോൺ പ്രതിഷേധജ്വാല**

സുപ്രീം കോടതിയുടെ ബഫർസോൺ വിധിയിലെ അപാകതകൾ നീക്കം ചെയ്യുന്നതിനും കേരള സർക്കാരിന്റെ മന്ത്രിസഭാതീരുമാനം മാറ്റുന്നതിനും ആവശ്യപ്പെട്ടുകൊണ്ടു നടത്തിയ പ്രതിഷേധജ്വാല മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. 35 ലക്ഷത്തിൽപരം ജനങ്ങളെ ബാധിക്കുന്ന ഈ വിധി

യിൽ മാറ്റംവരുത്താൻ സർക്കാർ മുൻകൈ എടുക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ബിജു പറയനിലം, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാബു പൂണ്ടിക്കുളം, ജോയി കണിപറമ്പിൽ, സി.എം. ജോർജ്, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി  തുടങ്ങിയവർ സംസാരിച്ചു.

**3. ഗ്ലോബൽ കമ്മറ്റി സന്ദർശനം**

കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ കമ്മറ്റി എല്ലാ രൂപതകളും സന്ദർശിക്കുന്നതിന്റെ ഭാഗമായി പാലാ രൂപതയിലും സന്ദർശനം നടത്തി. മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ ഗ്ലോബൽ ഭാരവാഹികളെ സ്വീകരിച്ചു. ബിജു പറയനിലം, ഫാ. ജിയോ കടവി, രാജീവ് കൊച്ചുപറമ്പിൽ, ഡോ. ജോസ്കുട്ടി ഒഴുകയിൽ, രാജേഷ് ജോൺ, ശ്രീമതി ടെസ്സി സിബു, ബെന്നി ആന്റണി, ബിനു ഡൊമനിക് എന്നിവരാണ് സന്ദർശനം നടത്തിയത് രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സണ്ണി തുടങ്ങി രൂപത ഭാരവാഹികൾ എല്ലാവരും സന്നിഹിതരായിരുന്നു.

**4. ഫൊറോന മീറ്റിംഗുകൾ**

**കോതനല്ലൂർ**

ഫൊറോന പ്രസിഡന്റ് തങ്കച്ചൻ ചീനോത്ത്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്നു. മാൻവെട്ടം പള്ളി സഹവികാരി ഫാ. റ്റോണി ചൊവ്വേലിക്കുടി സമുദായ സമ്മേളനത്തിന് നൂറിൽ കവിയാതെ ആളുകളെ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. രൂപതയെ പ്രതിനിധീകരിച്ച് ജോസ് വട്ടുകുളം പങ്കെടുത്തു. സി.എം. ജോർജ്, റ്റോമി  കണ്ണിറ്റുമ്യാലിൽ, ജോബി നെല്ലിക്കാപറമ്പിൽ, അഡ്വ. ജോർജ് തുടങ്ങിയവർ സംസാരിച്ചു.

**തുടങ്ങനാട്**

ഫൊറോന പ്രസിഡന്റ് ജിസ്മോൻ നെല്ലൻകുഴിയിലിന്റെ അധ്യക്ഷതയിൽ ചേർന്ന് യോഗം ഡയറക്ടർ ഫാ. തോമസ് പുല്ലാട്ട് ഉദ്ഘാടനം ചെയ്തു. എം. എം. ജേക്കബ്, ഫൊറോന ഭാരവാഹികൾ തുടങ്ങിയവർ സംസാരിച്ചു.

**മൂലമറ്റം**

ഫൊറോന പ്രസിഡന്റ് അജിൽ പനച്ചിക്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഡയറക്ടർ ഫാ.  കുര്യൻ കാലായിൽ ഉദ്ഘാടനം ചെയ്തു രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി. രൂപത സെക്രട്ടറി ഫ്രാൻസിസ് കരിമ്പാനിയിൽ, ഫൊറോന ഭാരവാഹികൾ തുടങ്ങിയവർ സംസാരിച്ചു.

**കൂട്ടിക്കൽ**

ഫൊറോന പ്രസിഡന്റ് റ്റോമി സെബാസ്റ്റ്യൻ പുളിക്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത വൈസ് പ്രസിഡന്റ് സാബു പൂണ്ടികുളം മുഖ്യപ്രഭാഷണം നടത്തി. ജോർജ് ജോസഫ്, ജോയി ജോൺ തുടങ്ങിയവർ സംസാരിച്ചു.

**5. യൂത്ത് കൗൺസിൽ മധ്യമേഖല സമ്മേളനം**

യൂത്ത് കൗൺസിൽ മധ്യമേഖല സമ്മേളനം ളാലം സെന്റ് മേരീസ് ഹാളിൽ ചേർന്നു. കത്തോലിക്കാ കോൺഗ്രസ് രൂപത വൈസ് പ്രസിഡന്റ് ജോയി കെ. മാത്യു അധ്യക്ഷത വഹിച്ചു. വികാരി ഫാ. ജോസഫ് തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, ഗ്ലോബൽ കോർഡിനേറ്റർ ബിനു ഡൊമിനിക്, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, ജോമി പറപ്പള്ളിൽ, ബിബിൻ, ജിനു വാഴപ്പള്ളി, എഡ്വിൻ പാമ്പാറ, ഡാനി പാറയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**6. പാലാ രൂപത യൂത്ത് കൗൺസിൽ കോർഡിനേറ്റർ**

എസ്.എം.വൈ.എം. ൽ പ്രവർത്തിച്ചതിനുശേഷം പ്രായംകഴിഞ്ഞവരെ കത്തോലിക്ക കോൺഗ്രസ് സ്വാഗതം ചെയ്യുന്നതിനും യുവാക്കളെ സഭയോടു ചേർത്തു നിർത്തുന്നതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് യൂത്ത് കൗൺസിൽ നേതൃത്വം നൽകുന്നു.

1. എഡ്വിൻ പാമ്പാറയിൽ - സിബിഗിരി
2. ജോമി പറപ്പള്ളിൽ - മീനച്ചിൽ
3. ജിനു മാത്യു മുട്ടപ്പള്ളിൽ - രത്നഗിരി
4. ബിബിൻ ചാമക്കാലായിൽ - കാട്ടാമ്പാക്ക്
5. ജോബി കെ. ജോൺ - കോതനല്ലൂർ
6. ഡാനി പാറയിൽ - അരുവിത്തുറ

ഫൊറോന തലത്തിൽ കൗൺസിൽ സംഘടിപ്പിക്കുന്നതിന് ഇവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**7. സെക്രട്ടറിയേറ്റ് ധർണ്ണ**

ബഫർസോൺ വിഷയവും നവോത്ഥാനനായകരുടെ നിരയിൽനിന്നു ചാവറയച്ചനെ ഒഴിവാക്കിയതും വന്യജീവി ആക്രമണത്തിനെതിരേ നിയമം നടപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടറിയേറ്റ് ധർണ്ണകളിൽ രൂപതയിൽനിന്ന് എഴുപതിൽപ്പരം സന്നദ്ധാംഗങ്ങൾ പങ്കെടുത്തു. എമ്മാനുവൽ നിധീരി, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. വിള ഇൻഷുറൻസ് മേള നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തപാൽ വകുപ്പ് കോട്ടയം ഡിവിഷന്റെ സഹകരണത്തോടെ കേന്ദ്രഗവൺമെന്റിന്റെ വിള ഇൻഷുറൻസ് പദ്ധതിയായ പി.എം.എഫ്.ബി.വൈയിൽ കർഷകരെ അംഗങ്ങളാ

ക്കുന്നതിന് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ മേള നടത്തി. വാഴ, കപ്പ, നെല്ല്, ജാതി, പൈനാപ്പിൾ തുടങ്ങി വിവിധ കൃഷികൾ നടത്തുന്ന കർഷകരെ പദ്ധതിയിൽ അംഗങ്ങളാക്കി.

**2. പ്രൊമോ ലീഡ് – പ്രമോട്ടേഴ്സ് ട്രെയിനിങ്ങ് പ്രോഗ്രാം**

നബാർഡിന്റെ സഹകരണത്തോടെ രൂപതയിലെ പ്രൊമോട്ടേഴ്സിനായി പി. എസ്.ഡബ്ല്യു.എസ്. അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് ഓഡിറ്റോറിയത്തിൽ കപ്പാസിറ്റി ബിൽഡിങ്ങ് പരിശീലനപരിപാടിയായ പ്രൊമോ ലീഡ് സംഘടിപ്പിച്ചു. പി. എസ്.ഡബ്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു.

എസ്.എച്ച്.ജി, കർഷകദളം എന്നിവയുടെ രൂപീകരണം, പരിപാലനം, ഓഡിറ്റിങ്ങ്, വരുമാനദായകപദ്ധതികൾ, വായ്പാസംവിധാനം, ലൈഫ് സ്കിൽ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. ഫാ. തോമസ് കിഴക്കേൽ, സിബി കണിയാംപടി, ജോയി മടിക്കാങ്കൽ, ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. അടുത്ത ബാച്ച് ട്രെയിനിംഗ് ഓഗസ്റ്റ് 5 ന് നടക്കും.

**3. മുട്ടക്കോഴിവിതരണം**

സൊസൈറ്റിയുടെ കോഴിവളർത്തൽ പദ്ധതിയനുസരിച്ച് ഗ്രാമശ്രീ, ഗ്രാമപ്രിയ, ബി.വി. 380 എന്നീ ഇനങ്ങളിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം പാലാ അഗ്രിമ, മുട്ടുചിറ സീയോൻ ഭവൻ, തീക്കോയി, ഇലഞ്ഞി എന്നീ സ്ഥലങ്ങളിൽ വച്ചു നടത്തി.

**4. ആശാകിരണം**

ക്യാൻസർ സുരക്ഷാ യജ്ഞപരിപാടിയായ ആശാകിരണം പദ്ധതിയുടെ ഭാഗമായി മൂവായിരം രൂപയുടെ സൗജന്യവസ്ത്രങ്ങൾ 60 കുടുംബങ്ങൾക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വാങ്ങി നൽകുന്നു.

**5. ജൽജീവൻ മിഷൻ**

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജലശ്രീ ക്ലബ്ബുകൾ വിവിധ സ്കൂളുകളിൽ രൂപീകരിച്ചുവരുന്നു. പ്രസ്തുത ജലശ്രീ ക്ലബ് രൂപീകരണവും ജലസംരക്ഷണ സെമിനാറും 50 സ്കൂളുകളിൽ നടന്നു.

**6. ജീവിതശൈലി ബോധവത്കരണസെമിനാർ**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കുറവിലങ്ങാട് സോണിലെ സ്വയം സഹായസംഘാംഗങ്ങൾക്കായി ജീവിതശൈലി ബോധവത്കരണസെമിനാർ സംഘടിപ്പിച്ചു. കുറവിലങ്ങാട് പാരിഷ് ഹാളിൽ നടന്ന പ്രോഗ്രാമിൽ സോൺ ഡയറക്ടർ ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി മത്തായി ഉദ്ഘാടനം നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ മുഖ്യപ്രഭാഷണം നടത്തി. മാർ

സ്ലീവാ മെഡിസിറ്റി ആശുപത്രി സർജിക്കൽ ഓങ്കോളജി കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ് നയിച്ചു.

**7. സ്വാശ്രയസംഘം വാർഷികങ്ങൾ**

വാകക്കാട്, കൈപ്പള്ളി, ഏന്തയാർ, കൂട്ടിക്കൽ, ചേറ്റുതോട്, അമ്പാറനിരപ്പേൽ, പ്രവിത്താനം, ഫാത്തിമാപുരം എന്നീ സ്ഥലങ്ങളിലെ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടന്നു.

**8. കരിയർ ഗൈഡൻസ് സെമിനാർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, കർഷകദള ഫെഡറേഷൻ കാഞ്ഞിരമറ്റത്തിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരമറ്റം പാരിഷ് ഹാളിൽ കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. കരിയർ ഗുരു പ്രൊഫ. ടോമി ചെറിയാൻ ക്ലാസ് നയിച്ചു.

**9. ബഡ്മാ ലോൺ**

പി.എസ്.ഡബ്ല്യു.എസ്. ന്യൂനപക്ഷ വികസനകോർപ്പറേഷന്റെ സഹകരണ ത്തോടെ കുറഞ്ഞ പലിശനിരക്കിൽ നൽകുന്ന 'ബഡ്മാ വായ്പ' പദ്ധതിയുടെ രണ്ടാംഘട്ടവിതരണം ഓഗസ്റ്റ് മാസത്തിൽ നടക്കും. 30 ഗ്രൂപ്പുകൾക്ക് രണ്ടുലക്ഷം രൂപാവീതം പ്രസ്തുത വായ്പകൾ കിട്ടും.

**10. പഠനയാത്ര**

കോയമ്പത്തൂരിൽ നടന്ന ദേശീയ അഗ്രോ എക്സ്പോയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയിൽനിന്ന് ഡയറക്ടർ ഫാ. തോമസ് കിഴക്കേലും സംഘവും പങ്കെടുത്തു.

**11. സൗജന്യ കശുമാവിൻതൈ വിതരണം**

കേന്ദ്ര കശുമാവ് വികസനകോർപ്പറേഷന്റെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സൗജന്യ കശുമാവിൻതൈ വിതരണം സംഘടിപ്പിക്കുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**1. ഉദ്യോഗാർത്ഥി – ഉദ്യോഗസ്ഥരുടെ സമ്മേളനം**

പാലാ രൂപതയിലെ ഡി.സി.എം.എസ്. സംഘടനയിലുള്ള ഉദ്യോഗസ്ഥ-ഉദ്യോഗാർത്ഥി സമ്മേളനം 2022 ജൂൺ 11-ാം തീയതി ശനിയാഴ്ച, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ ചേർന്നു. ശ്രീ സദീപ് കെ.പി

സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് കൂട്ടായ്മ യുടെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. സ്ഥിരനിയമനം ലഭിച്ച ഉദ്യോഗാർത്ഥി കളെ പരിചയപ്പെടുകയും പിന്നീട് ഉദ്യോഗാർത്ഥി-ഉദ്യോഗസ്ഥരുടെയിടയിൽനിന്ന് നേതൃത്വനിരയിലേക്കുള്ള ആളുകളെ തിരഞ്ഞെടുക്കുകയും ചെയ്തു. ശ്രീ സെബാസ്റ്റ്യൻ ചാക്കോ കൃതജ്ഞതയർപ്പിച്ചു.

**2. നിവേദനങ്ങൾ**

ദളിത് ക്രൈസ്തവർ അഥവാ പാർശ്വവത്കരിക്കപ്പെട്ടവരുടെ ആവശ്യങ്ങൾ നിയമസഭയിൽ ഉന്നയിക്കുന്നതിനായി ചോദ്യങ്ങളും ആവശ്യങ്ങളുമടങ്ങിയ നിവേദനം 2022 ജൂൺ 24-ാം തീയതി വെള്ളിയാഴ്ച ബഹു. എം.എൽ.എ മാണി സി. കാപ്പൻ, സെബാസ്റ്റ്യൻ കുളത്തുങ്കൽ എന്നിവർക്കും 2022 ജൂൺ 29-ാം തീയതി തിരുവനന്തപുരത്ത് മന്ത്രിമാർക്കും എം.എൽ.എമാർക്കും സമർപ്പിച്ചു.

**3. ഇലഞ്ഞി മേഖല സന്ദർശനം**

രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന യൂണിറ്റ് സന്ദർശനങ്ങൾ ഇലഞ്ഞി മേഖലയിൽ 2022 ജൂൺ 26 -ാം തീയതി ഞായറാഴ്ച നടന്നു.

**ഇലഞ്ഞി യൂണിറ്റ്**

രാവിലെ 9.30 ന് ഇലഞ്ഞി യൂണിറ്റിൽ പൊതുയോഗം കൂടി. യൂണിറ്റ് പ്രസിഡന്റ് ശ്രീ പീറ്റർ ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് ആമുഖപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, ഓർഗ നൈസർ ശ്രീ ബേബി പാറയ്ക്കൽ, ഇലഞ്ഞി മേഖല പ്രസിഡന്റ് ശ്രീ ഇ. എം പൈലി എന്നിവർ യോഗത്തിൽ സംസാരിച്ചു.

**പിറവം യൂണിറ്റ്**

യൂണിറ്റ് പ്രസിഡന്റ് ശ്രീ ലിജോ കെ. ജോയിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിയാംപടി ആമുഖ പ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാ ഷണം നടത്തി. തുടർന്ന് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, ഇലഞ്ഞി മേഖല പ്രസിഡന്റ് ശ്രീ ഇ.എം പൈലി എന്നിവർ യോഗത്തിൽ സംസാരിച്ചു.

**സേവ്യർപുരം യൂണിറ്റ്**

സേവ്യർപുരം യൂണിറ്റ് പ്രസിഡന്റ് ശ്രീ ബിപിൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തെക്കും ചേരിക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, ഇലഞ്ഞി മേഖല പ്രസിഡന്റ് ശ്രീ ഇ.എം. പൈലി എന്നിവർ യോഗ ത്തിൽ സംസാരിച്ചു.

**ജോസ്ഗിരി യൂണിറ്റ്**

ജോസ്ഗിരി യൂണിറ്റ് പ്രസിഡന്റ് ശ്രീ ലോറൻസ് ജേക്കബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, ഇലഞ്ഞി മേഖല പ്രസിഡന്റ് ശ്രീ ഇ.എം പൈലി എന്നിവർ യോഗത്തിൽ സംസാരിച്ചു.

**മുത്തോലപുരം യൂണിറ്റ്**

യൂണിറ്റ് പ്രസിഡന്റ് ശ്രീ ജെയ്സൺ ജേക്കബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം യൂണിറ്റ് ഡയറക്ർ ഫാ. സിറിയക് വടക്കേൽ യോഗം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് രൂപത പ്രസിഡന്റ് ശ്രീ. ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, ഇലഞ്ഞി മേഖല പ്രസിഡന്റ് ശ്രീ ഇ.എം പൈലി എന്നിവർ യോഗത്തിൽ സംസാരിച്ചു.

**മരങ്ങോലി യൂണിറ്റ്**

യൂണിറ്റ് പ്രസിഡന്റ് ശ്രീ പൗലോസ് മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, ഇലഞ്ഞി മേഖല പ്രസിഡന്റ് ശ്രീ ഇ.എം പൈലി എന്നിവർ യോഗത്തിൽ സംസാരിച്ചു.

**4. രൂപത കമ്മിറ്റി**

2022 ജൂലൈ 3-ാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ രൂപത കമ്മിറ്റി നടത്തപ്പെട്ടു. വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു. ഖജാൻജി ശ്രീമതി മേരി എം.പി. കണക്ക് അവതരിപ്പിച്ചു.

**5. രൂപത കൗൺസിൽ**

2022 ജൂലൈ 3-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ രൂപത കൗൺസിലിൽ ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു. ഖജാൻജി ശ്രീമതി മേരി എം.പി. കണക്ക് അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ കൃതജ്ഞതയർപ്പിച്ചു.

**6. രാമപുരം മേഖല ഏകദിനസെമിനാർ**

ഡി.സി.എം.എസ്. രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ 2022 ജൂലൈ 9-ാം തീയതി ശനിയാഴ്ച മേഖല പ്രസിഡന്റ് ശ്രീ മണി പി.എസ്. ന്റെ അധ്യക്ഷതയിൽ, മാർ അഗസ്റ്റ്യൻസ് കോളജിൽ വച്ച് ദളിത് കത്തോലിക്കാ കുട്ടികൾക്കായി ഏകദിന

സെമിനാർ നടത്തപ്പെട്ടു. മേഖല സെക്രട്ടറി സ്വാഗതം ആശംസിച്ചു. മേഖല ഡയറക്ടർ ഫാ. ആന്റണി വാഴക്കാലയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തി. ശ്രീ പി.ഒ. പീറ്റർ ആശംസകൾ അർപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ തോമസ് കൊട്ടിച്ചേരിൽ കൃതജ്ഞതയർപ്പിച്ചു. 51 കുട്ടികളും 20 മാതാപിതാക്കളും പങ്കെടുത്തു. ഫൊറോന വികാരി റവ.ഫാ. ഡോ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ കുട്ടികളുമായി ആശയങ്ങൾ പങ്കു വച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് കുട്ടികൾക്ക് തുടർവിദ്യാഭ്യാസസാധ്യതകളെക്കുറിച്ച് അറിവ് പകർന്നുനൽകി. ശ്രീ സദീപ് കെ., ശ്രീമതി റ്റിൻജി എന്നിവർ ക്ലാസ്സുകളെടുത്തു.

**7. അനുശോചനങ്ങൾ**

ഡി.സി.എം.എസ്. രാമപുരം യൂണിറ്റ് അംഗമായ ശ്രീ ജോസ് തോമസിന്റെ പിതാവ് കണ്ടത്തിൽ വി.ജെ. തോമസ്, മാനത്തൂർ യൂണിറ്റ് പ്രസിഡന്റ് ശ്രീ കെ.റ്റി തങ്കച്ചന്റെ സഹോദരി വള്ളിയാങ്കൽ മോനിക്ക ജോസഫ് എന്നിവരുടെ മരണത്തിൽ ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ ഭവനത്തിലെത്തി പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും. മോനിക്ക ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു നേതൃത്വം നൽകുകയും ചെയ്തു.

**8. വിവിധ സംഘടനാപ്രതിനിധികളുടെ യോഗം**

2022 ജൂലൈ 13 ന് പാലാ ബിഷപ്സ് ഹൗസിൽ വിളിച്ചുകൂട്ടിയ സംഘടനാ പ്രതിനിധികളുടെയും ഡയറക്ടർമാരുടെയും യോഗത്തിൽ ഡി.സി.എം.എസ്. സംഘടനയിൽനിന്ന് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ബേബി പാറയ്ക്കൽ, വൈസ്പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ എന്നിവർ പങ്കെടുത്തു. യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ നമ്മുടെ ആവശ്യങ്ങളുന്നയിക്കുകയും സംഘടന ശക്തമായി മുന്നോട്ടുകൊണ്ടു പോകാൻ രൂപതയിലെ ബാക്കിയെല്ലാ സംഘടനകളുടെയും സഹായസഹകരണങ്ങൾ തേടുകയും ചെയ്തു.

**9. മുട്ടുചിറ മേഖല സന്ദർശനം**

മുട്ടുചിറ മേഖല-യൂണിറ്റ് സന്ദർശനങ്ങൾ 2022 ജൂലൈ 17-ാം തീയതി ഞായറാഴ്ച രാവിലെ 8.15 ന് കാഞ്ഞിരത്താനം യൂണിറ്റ് സന്ദർശനത്തോടെ ആരംഭിച്ചു. രൂപതാകമ്മിറ്റിയും മേഖലകമ്മിറ്റിയും സംയുക്തമായി നടത്തുന്ന യൂണിറ്റ് സന്ദർശനങ്ങളിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല ഖജാൻജി ശ്രീ സി.റ്റി സെബാസ്റ്റ്യൻ എന്നിവർ സന്നിഹിതരായിരുന്നു.

**കാഞ്ഞിരത്താനം**

കാഞ്ഞിരത്താനം യൂണിറ്റിന്റെ പൊതുസമ്മേളനം യൂണിറ്റ് പ്രസിഡന്റ് ശ്രീ സി.റ്റി. സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്നു. ഇടവക വികാരി ഫാ. ജെയിംസ്

വയലിൽ ആമുഖപ്രഭാഷണം നടത്തി. സഹവികാരി ഫാ. ജൊവാനി, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തിയ യോഗത്തിൽ കാഞ്ഞിരത്താനം യൂണിറ്റ് അവരുടെ യൂണിറ്റിൽനിന്നുമുള്ള പ്രസിഡന്റ് ശ്രീ. ബിനോയ് ജോണിനെ പൊന്നാടയണിയിച്ച് ആദരിച്ചു.

**മുട്ടുചിറ യൂണിറ്റ്**

യൂണിറ്റ് പ്രസിഡന്റ് ശ്രീ ഒ.ജെ. ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. മേഖല പ്രസിഡന്റ് ശ്രീ വി.വി. തോമസ് ആശംസയർപ്പിച്ചു. എല്ലാ യൂണിറ്റുകളിലും 18 വയസ്സ് കഴിഞ്ഞവർക്ക് മെമ്പർഷിപ്പ് നിർബന്ധമാക്കണമെന്ന് അഭിപ്രായപ്പെട്ടു.

**മലപ്പുറം യൂണിറ്റ്**

യൂണിറ്റ് വളരെ ആർജ്ജവത്തോടുകൂടി നടത്തുന്നതിനുള്ള അഭിപ്രായങ്ങളുടെ ചർച്ച മലപ്പുറം യൂണിറ്റിൽ നടന്നു. രൂപത ഡയറ്കടർ ഫാ. ജോസ് വടക്കേക്കുറ്റ് ഡി.സി.എം.എസ്. പ്രവർത്തനങ്ങളെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും സംസാരിച്ചു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല ഖജാൻജി ശ്രീ സി. റ്റി. സെബാസ്റ്റ്യൻ എന്നിവരും സംസാരിച്ചു.

**ജയഗിരി യൂണിറ്റ്**

യൂണിറ്റ് പ്രസിഡന്റ് ശ്രീ ജോമോൻ എം.ഡി. യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇടവക വികാരി ഫാ. മാത്യു വാഴയ്ക്കാപ്പാറ മുഖ്യപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല ഖജാൻജി ശ്രീ സി.റ്റി. സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

മുട്ടുചിറ ഫൊറോനയിൽ യൂണിറ്റില്ലാത്ത ഇടവകകളിലെ (അൽഫോൻസാ പുരം, വാലാച്ചിറ, ഫാത്തിമാപുരം) വികാരിയച്ചന്മാരെ സന്ദർശിച്ച് ഡി.സി.എം. എസിന്റെ യൂണിറ്റ് രൂപീകരിക്കുന്നതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മീറ്റിംഗുകൾ**

13-07-2022 - ബിഷപ്പ്സ് ഹൗസിൽ ചേർന്ന കെയർ ഹോംസ് ഭാരവാഹികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

**2. പ്രോജക്ട്**

അസംഘടിത തൊഴിലാളികുടുംബങ്ങളിൽ ശാരീരികദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുത്തുപകരുന്ന പ്രോജക്ട് മീറ്റിംഗിൽ പങ്കെടുത്തു.

**3. ഡയറക്ടറി**

ഡയറക്ടറിയുടെ ഡേറ്റാ ശേഖരണം പൂർത്തിയാവുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1.** 13-07-2022 - ബിഷപ്സ് ഹൗസിൽ ചേർന്ന കെ.എൽ. എം ഭാരവാഹികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

**2.** അസംഘടിത തൊഴിലാളികുടുംബങ്ങളിൽ ശാരീരികദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുത്തുപകരുന്ന ഒരു പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

**3.** വിജയപുരം രൂപത സോഷ്യൽ സർവീസ് സെന്ററിൽ നടത്തിയ കേരളാ ലേബർ മൂവ്മെന്റ് സോണൽ മീറ്റിംഗിൽ പങ്കെടുത്തു.

**4. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

ജൂലൈ മാസം 3,10,17, 24, 31 തീയതികളിൽ AA മീറ്റിംഗുകൾ നടന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഡിജോ ദാസ് എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി. ഓൺലൈനിലും അംഗങ്ങൾ പങ്കെടുത്തു.

**2. അഡാർട്ട് 39-ാമത് വാർഷികം**

ജൂലൈ 3 തീയതി ഞായറാഴ്ച രാവിലെ 11.30 ന് അഡാർട്ടിന്റെ 39-ാമത് വാർഷികം പാല രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അദ്ധ്യക്ഷത വഹിച്ചു. പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ സ്വാഗതം ആശംസിക്കുകയും റവ.ഫാ. ജെയിംസ് പൊരുന്നേലിൽ, ഡോ. ജോയി ഫ്രാൻസിസ്, ഡോ. സി. പ്രശാന്തി CMC എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ശ്രീ ഡിജോ ദാസ് നന്ദി പ്രകാശിപ്പിച്ചു.

രാവിലെ 9 ന് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച പ്രോഗ്രാമിൽ ശ്രീ പാപ്പച്ചൻ മുത്തോലി, രാജീവ് ശാന്തി, തോമസ്കുട്ടി പുരയിടം, ജോർജ്കുട്ടി ഭൂതത്താൻകെട്ട്, ജോർജ് എളമക്കര, അംബികൻ മരങ്ങാട്ടുപിള്ളി, ശ്രീമതി ആൻസി സണ്ണി തുടങ്ങിയവർ അനുഭവസാക്ഷ്യം പങ്കുവച്ചു.

**3. സന്ദർശനം**

ജൂലൈ 27 ബുധനാഴ്ച ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കൽ അഡാർട്ട് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ, റവ.ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ പ്രവർത്തനങ്ങൾ വിവരിച്ചു. സ്റ്റാഫ് അംഗങ്ങൾക്കെല്ലാവരും പങ്കെടുക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**4. പഠനശിബിരം**

ജൂലൈ 29 തിങ്കളാഴ്ച രാവിലെ 10 ന് മരങ്ങാട്ടുപള്ളിയിൽ പ്രവർത്തിക്കുന്ന SME (School of Medical Education) കുട്ടികൾ പഠനത്തിന്റെ ഭാഗമായി അഡാർട്ട് സന്ദർശിച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സ്വാഗതം ആശംസിച്ച പഠനശിബിരത്തിൽ പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് 2022**

ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ തുകയും സെൻട്രൽ ഹെഡ്ഷീറ്റും ആഗസ്റ്റ് 8-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി രൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**2. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. ബൈബിൾ കോഴ്സ്**

'പഴയനിയമ ചരിത്രപുസ്തകങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ബൈബിൾ ക്ലാസ് ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. 02-07-22 ന് അരുവിത്തുറയിൽ എസ്.എം.വൈ.എം. സംഘടിപ്പിച്ച വിശ്വാസപ്രഖ്യാപന റാലിയിൽ പങ്കെടുത്ത് ഡയറക്ടറച്ചൻ സന്ദേശം നൽകി.
2. 05-07-22 ന് നടന്ന വിവാഹ ഒരുക്ക സെമിനാറിൽ ഡയറക്ടറച്ചൻ ക്ലാസെടുത്തു.
3. 10-07-22 ൽ കാളികാവ് സൺഡേ സ്കൂളിന്റെ വാർഷികത്തിൽ പങ്കെടുത്ത് ഡയറക്ടറച്ചൻ സന്ദേശം നൽകി.
4. 17-07-22 ൽ പൈക ഇടവകയിൽ യുവജനസെമിനാറിൽ പങ്കെടുത്ത് ഡയറക്ടച്ചൻ സന്ദേശം നൽകി.
5. 29-30 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ജാഗ്രതാ സമിതി സമ്മേളനത്തിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. ആനിമേറ്റേഴ്സ് നിയമനം**

പാലാ രൂപത ഇവാഞ്ചലൈസെഷൻ, കരിസ്മാറ്റിക്, ബൈബിൾ കൺവെൻഷൻ എന്നീ ശുശ്രൂഷകൾക്ക് സബ്സോൺ ആനിമേറ്റർമാരായി താഴെപ്പറയുന്ന വൈദികരെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ചുമതല നൽകി നിയമിച്ചു.

| | |
|---|---|
| 1. അരുവിത്തുറ | : ഫാ. ജോർജ് പറേക്കുന്നേൽ |
| 2. ഭരണങ്ങാനം | : ഫാ. അഗസ്റ്റിൻ തെരുവത്ത് |
| 3. ചേർപ്പുങ്കൽ | : ഫാ. തോമസ് ഓലായത്തിൽ |
| 4. ഇലഞ്ഞി | : ഫാ. സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നൽ |
| 5. കടുത്തുരുത്തി | : ഫാ. സെബാസ്റ്റ്യൻ ചാമക്കാലയിൽ |
| 6. കടനാട് | : ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര |
| 7. കുറവിലങ്ങാട് | : ഫാ. ജോസഫ് ആലാനിക്കൽ |
| 8. കോതനല്ലൂർ | : ഫാ. ജെയിംസ് ചൊവ്വേലിക്കുടി |
| 9. കൂട്ടിക്കൽ | : ഫാ. തോമസ് തയ്യിൽ |
| 10. മൂലമറ്റം | : ഫാ. ക്രിസ്റ്റി പന്തലാനിക്കൽ |
| 11. മുട്ടുചിറ | : ഫാ. ജോസഫ് മണർകാട്ട് |

| | | |
|---|---|---|
| 12. പ്രവിത്താനം | : | ഫാ. ജോൺ പുറക്കാട്ട് പുത്തൻപുര |
| 13. പാലാ A | : | ഫാ. ജെയിംസ് പനച്ചിക്കൽ കരോട്ട് |
| 14. പാലാ B | : | ഫാ. മാത്യു വാഴചാരിക്കൽ |
| 15. പൂഞ്ഞാർ | : | ഫാ. മാത്യു കടുകുന്നേൽ |
| 16. രാമപുരം | : | ഫാ. തോമസ് വെട്ടുകാട്ടിൽ |
| 17. തീക്കോയി | : | ഫാ. ജോസഫ് അമ്പാട്ടുപടവിൽ |
| 18. തുടങ്ങനാട് | : | ഫാ. മാത്യു കദളിക്കാട്ടിൽ |

**2. സോണൽ സേവന സമിതി മീറ്റിംഗ്**

സോണൽ സേവന സമിതിയുടെ 32-ാമത് സമ്മേളനം ജൂൺ 30 തീയതി പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് കൂടുകയുണ്ടായി. ജൂലൈ മാസത്തിലെ ശുശ്രൂഷകൾ ചർച്ചചെയ്യുകയും നടപ്പിലാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ചു.

**3. സബ് സോൺ പുനഃസംഘടന**

രൂപതയിലെ 18 സബ് സോണുകളുടെ പുനഃസംഘടന പ്രക്രിയകൾ ആരംഭിച്ചു. 9 സബ് സോണുകളിലെ സേവന സമിതി അംഗങ്ങളെ തിരഞ്ഞെടുത്തു. ബാക്കിയുള്ള ഒൻപത് സബ് സോണുകളുടെ പുനഃസംഘടന 2022 ഓഗസ്റ്റ് 8 ന് പൂർത്തിയാകും. സോണൽ സേവന സമിതിയുടെ 2022-24 വർഷക്കാലയളവിലെ സേവന സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ഓഗസ്റ്റ് 11 തീയതി KCSC യുടെ നേതൃത്വത്തിൽ നടത്തപ്പെടും. രണ്ടുവർഷമാണ് പ്രവർത്തന കാലാവധി.

**4. L.S.S (Life in Sprit Seminar) ശുശ്രൂഷകൾ**

ഫൊറോനാതലത്തിൽ LSS ഇലഞ്ഞി ഫൊറോനാപ്പള്ളിയിൽ 7 ആഴ്ച പൂർത്തീകരിച്ചു. തുടർപരിശീലനം ജൂലൈ 28 ന് ആരംഭിച്ചു. പാലാ കത്തീഡ്രലിലും മുട്ടം സിബിഗിരി പള്ളിയിലും ഫിസിക്കൽ ശുശ്രൂഷകൾ ഭംഗിയായി മുന്നേറുന്നു.

ഓൺലൈൻ ബാച്ച് 7 ആഴ്ച പൂർത്തീകരിച്ചു. തുടർപരിശീലനം ജൂലൈ 25 ന് ആരംഭിച്ചു. രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, സെക്രട്ടറി ജോൺസൺ തടത്തിൽ, ജോസി അബ്രഹാം, സിബി ചെരുവിൽപുരയിടം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**5. YU4C (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ് )**

പെരിങ്ങുളം, ജിയോവാലി, തിടനാട്, വേദഗിരി, മുണ്ടാങ്കൽ, മീനച്ചിൽ എന്നീ ഇടവകകളിൽ ശുശ്രൂഷകളിൽ പുരോഗതി. പൈക സെന്റ് മേരീസ് പള്ളിയിൽ പുതിയതായി ശുശ്രൂഷ ആരംഭിച്ചു. യുവജനങ്ങളുടെ കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട വിവിധ കാര്യങ്ങളെക്കുറിച്ച് പ്രത്യേക ക്ലാസും നൽകുന്നു. മാതാപിതാക്കളെയും ശുശ്രൂഷയിൽ പങ്കാളികളാക്കുന്നു. ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കലും ലിൻസിമോൾ സജി കുരിശുംമൂട്ടിലും നേതൃത്വം നൽകുന്നു.

**6. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, മിനിസ്ട്രിയുടെ എല്ലാ ശുശ്രൂഷകളും ഭംഗിയായി പുരോഗമിക്കുന്നു. ആനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്ട്രി കോർഡിനേറ്റർ ബിയ ജോജറ്റ് എന്നിവർ നേതൃത്വം നൽകുന്നു.

**7. പ്രാർത്ഥനാക്കൂട്ടായ്മകൾ**

പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തികൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 4 മണി വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനശുശ്രൂഷകൾ നടത്തുന്നു. ജൂലൈ 3 ന് റവ.ഫാ. ബെന്നി കിഴക്കേൽ, 10 ന് ബ്ര. സാജൻ മാത്യു കൊടുമ്പിടി, 17 ന് റവ.ഫാ. ബെന്നി കിഴക്കേൽ CST, 24ന് ഫാ. സെബാസ്റ്റ്യൻ വെച്ചുകരോട്ട് കാഞ്ഞിരപ്പള്ളി, 31 ന് ബേബിച്ചൻ കണ്ണപ്പിള്ളി എന്നിവരാണ് വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ പാരിഷ് മിനിസ്ട്രി സേവനസമിതി ഇതിനു  നേതൃത്വം നൽകുന്നു.

**8. കത്തീഡ്രലിൽ വെള്ളിയാഴ്ച  ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 മണി വരെ വിശുദ്ധ കുർബാന, വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, സ്തുതി, ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ജൂലൈ 1 ന് സി. ശാലിനി സെന്റ് മർത്താസ്, 8 ന് സണ്ണി വാഴയിൽ, 15 ന് സി. മേഴ്സിൻ പള്ളിവാതുക്കൽ എഫ്.സി.സി., 22 ന് സി. സെൽവിൻ ജോസ് എഫ്.സി.സി., 29 ന് റവ.ഫാ. ജോർജ് പറേക്കുന്നേൽ (വികാരി, പയസ്മൗണ്ട്) എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശ്രീ മാത്യുകുട്ടി താന്നിക്കൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**9. മദ്ധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ എൽ.എസ്.എസ്. അംഗങ്ങളുടെ പങ്കാളിത്തത്തോടെ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ എല്ലാദിവസവും ഉച്ചകഴിഞ്ഞ്  2.30 മുതൽ 4 മണിവരെ മധ്യസ്ഥപ്രാർത്ഥനാശുശ്രൂഷകൾ നടത്തിവരുന്നു. എൽ.എസ്.എസ്. ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിനു നേതൃത്വം കൊടുക്കുന്നു. ജപമാല, കരുണക്കൊന്ത, അനുദിനവചനവിചിന്തനം എന്നീ ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**10. കുരിശിന്റെവഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണി വരെ എൽ.എസ്.എസ്. അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് രൂപതാ ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ നേതൃത്വത്തിൽ കുരിശിന്റെവഴി നടത്തി. കുരിശിന്റെവഴി യുടെ 14 സ്ഥലങ്ങളിൽ

വൈദികരും സിസ്റ്റേഴ്സും അല്മായരും സന്ദേശം നൽകി പ്രാർത്ഥിക്കുന്നു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ബെന്നി കിഴക്കേൽ സി.എസ്.റ്റി. എന്നിവർ സമാപനപ്രാർത്ഥനയും സന്ദേശവും നൽകുന്നു. അനേകം കുടുംബങ്ങൾ ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുന്നു.

**11. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ നടന്നുവരുന്ന രാത്രി ആരാധന ജൂലൈ 23-ാം തീയതി ശനിയാഴ്ച വൈകിട്ട് 7 മുതൽ ജൂലൈ 24 ന് രാവിലെ 5 വരെ നടത്തപ്പെട്ടു. റവ. ഫാ. ആന്റണി പയ്യമ്പിള്ളിൽ വി.സി. വചനം ശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ.ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശുശ്രൂഷ കോർഡിനേറ്റർ ജോർജുകുട്ടി ഞാവെള്ളിൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. പുസ്തകവിതരണം**

പാലാ രൂപതയിലെ ചേന്നാട് ഇടവക സെന്റ് മരിയ ഗൊരേത്തി സ്കൂളിൽ നിന്ന് ജയിൽ അന്തേവാസികൾക്ക് വായിക്കാനും ജയിൽ ലൈബ്രറിയിൽ സൂക്ഷിക്കാനുമായി പുസ്തകങ്ങൾ നല്കി. വികാരി റവ.ഫാ. അബ്രാഹം കുളമാക്കൽ, മദ്ധ്യമേഖല ഡി.ഐ.ജി.പി. അജയകുമാറിന് പുസ്തകങ്ങൾ നല്കി. ജയിൽ സൂപ്രണ്ട് ശ്രീ ഷാജി സാർ, ജീസസ് ഫ്രട്ടേണിറ്റി രൂപത ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഹെഡ്മിസ്ട്രസ് സി. സിസി എഫ്.സി.സി., സി. റോസ്മി, ബിജു ചെമ്മലമറ്റം തുടങ്ങിയവർ നേതൃത്വം നല്കി.

**2. ദേശഭക്തിഗാനം**

ഭാരതത്തിന്റെ എഴുപത്തഞ്ചാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് 'ആസാദി കാ അമൃത് മഹോത്സവ്' ജൂലൈ 27 ന് നടന്ന ആഘോഷപരിപാടിയിൽ പാലാ സെന്റ് മേരീസ് സ്കൂളിലെ കുട്ടികൾ ദേശഭക്തിഗാനങ്ങൾ ആലപിച്ചു.

**3. മധ്യസ്ഥപ്രാർത്ഥന**

ജയിൽ സന്ദർശനത്തോടനുബന്ധിച്ചുള്ള തടസങ്ങൾ മാറുന്നതിനായി ജൂൺ 26 ന് അഡാർട്ട് സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഒ.റ്റി. ജോർജ്, സി. മേരി പ്ലാത്തോട്ടത്തിൽ തുടങ്ങിയവർ നേതൃത്വം നല്കി

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
**ഫാ. ജെയിംസ് പൊരുന്നോലിൽ**
(ഡയറക്ടേഴ്സ്)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യാനുഭവധ്യാനം - രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജൂലൈ 9 ന് നടത്തുകയുണ്ടായി. ഫാ ആന്റണി വാഴയിൽ, സി. റിൻസി എഫ്.സി.സി., ജോസ് ടോം കാടൻകാവിൽ, വിൽസൺ വലിയകാപ്പിൽ, സണ്ണി പള്ളിവാതുക്കൽ, എന്നിവർ വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു. ധ്യാനം മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

2. പറത്താനം വ്യാകുലമാതാ ഇടവകയിൽ ജൂലൈ 2 ന് വൈകുന്നേരം 4.30 മുതൽ 7.30 വരെ സായാഹ്നധ്യാനം നടത്തി.

3. കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗികപരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ *ആഭ്യന്തരഹർമ്മ്യം* എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ *ആഭ്യന്തരഹർമ്മ്യ ആത്മീയത* എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

4. കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, *ദൈവശക്തി വ്യാപരിക്കുന്നു* എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

5. മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

**1. രൂപതാ സമ്മേളനം**

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 2022 ജൂലൈ മാസം 23-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം അസ്സീസി

ധ്യാനകേന്ദ്രത്തിൽ രൂപതാസമ്മേളനം നടത്തപ്പെട്ടു. എസ്.എഫ്.ഒ. പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പാലാ അഡാർട്ട് ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മുഖ്യ പ്രഭാഷണം നടത്തുകയും രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായ റവ.ഫാ. ആന്റണി വെച്ചൂർ OFM Cap., റവ. ഫാ. അരുൺ ഇലവുങ്കൽ OFM Cap. എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. രൂപത ജനറൽ സെക്രട്ടറി റോസമ്മ ജോസ്, ട്രഷറർ റോഷിൻ തോമസ്, റീജിയൻ പ്രസിഡന്റുമാരായ ആലീസ് മാത്യു, തോമസ് മാത്യു, ടോമി കെ. മാത്യു, തോമസ് ജോസഫ്, റ്റിസി രാജു എന്നിവർ സമ്മേളനത്തിന് ആശംസകൾ നേരുന്നു.

**2. അൽഫോൻസാതീർത്ഥാടനം**

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അസ്സീസി ആശ്രമദൈവാലയത്തിൽനിന്ന് വിശുദ്ധ അൽഫോൻസാ കബറിടത്തിങ്കലേക്ക് അല്മായ സഭാംഗങ്ങൾ ജപമാല റാലി നടത്തുകയും അൽഫോൻസാതീർത്ഥാടനകേന്ദ്രം റെക്ടർ വെരി റവ.ഫാ. ജോസ് വള്ളോംപുരയിടം റാലിയെ സ്വീകരിക്കുകയും ചെയ്തു. അന്നേദിവസം ഉച്ചയ്ക്ക് 2.30 ന് വിശുദ്ധ കുർബാന അർപ്പിച്ച് വിശുദ്ധ അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

**3. എക്സിക്യൂട്ടീവ് കമ്മിറ്റി**

രൂപതാസമ്മേളനത്തിനു മുന്നോടിയായി എസ്.എഫ്. ഒ.യുടെ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്നു. യൂണിറ്റ് തലത്തിൽ ഓഗസ്റ്റ് 1 മുതൽ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പുപ്രക്രിയ ആരംഭിക്കുവാനും ഒക്ടോബർ 31 നു മുമ്പായി പൂർത്തികരിക്കാനും കമ്മിറ്റിയിൽ ധാരണയായി. രൂപതാ വാർഷികസമ്മേളനത്തോടനുബന്ധിച്ച് ചികിത്സാസഹായം, പഠനസഹായം എന്നീ തലങ്ങളിൽ അപേക്ഷ സ്വീകരിച്ചു സാമ്പത്തികസഹായം നൽകുന്നതിനും കമ്മിറ്റിയിൽ തീരുമാനമെടുത്തു.

**ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

3-07-2022 - കാക്കൊമ്പ് ഇടവകയിൽ ഡി.എഫ്.സി മീറ്റിംഗ് നടത്തി

10-07-2022 - യോഗപ്രതിനിധിയോഗത്തിൽ കൊഴുവനാൽ ഇടവകയിൽ ദീപിക വർക്കിനെക്കുറിച്ച് സംസാരിച്ചു.

13-07-2022 - ബിഷപ്സ് ഹൗസിൽ ഡി.എഫ്.സി. ഭാരവാഹികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

16-07-2022 - മാന്നാർ ഇടവകയിൽ ഡി.എഫ്.സി മീറ്റിംഗ് നടത്തി.

ജൂലൈ 17 മുതൽ 22 വരെ കൊഴുവനാൽ ഡി.എഫ്.സി വർക്ക് നടത്തി.

ജൂലൈ 24 മുതൽ 31 വരെ അരുവിത്തുറ ഡി.എഫ്.സി വർക്ക് നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. രൂപത എക്സിക്യൂട്ടീവ്**

ഇൻഫാം ഭാരവാഹികളുടെ ഗൂഗിൾ മീറ്റിങ്ങിലൂടെ കാലികപ്രശ്നങ്ങളായ ബഫർസോൺ പ്രശ്നം, റബ്ബർ ക്രംബ് ഇറക്കുമതി, കർഷകപെൻഷൻ, നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന, കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു ചർച്ച ചെയ്തു.

**2. സംഘടനാഭാരവാഹികളുടെ സമ്മേളനം**

പാലാ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിളിച്ചുക്കൂട്ടിയ രൂപതയിലെ എല്ലാ സംഘടനകളുടെയും ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും സമ്മേളനത്തിൽ ഇൻഫാമിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് ശ്രീ മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ശ്രീ ബേബി പന്തപ്പള്ളി എന്നിവർ പങ്കെടുത്തു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് മീറ്റിംഗിന് നേതൃത്വം നൽകി. മീറ്റിംഗിന്റെ നിർദേശപ്രകാരം ഇൻഫാം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചു.

**3. ദേശീയസമ്മേളനം**

ഇൻഫാം ദേശീയഭാരവാഹികളുടെ സമ്മേളനം ജൂലൈ 31-ാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് രക്ഷാധികാരി അഭിവന്ദ്യ മാർ റെമ്മീജിയൂസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ നടന്നു. ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കാനും കർഷകപ്രശ്നങ്ങൾ സർക്കാരിന്റെ മുന്നിൽ ഉയർത്തിക്കാട്ടുവാനും തീരുമാനിച്ചു. പാലായിൽനിന്നു മൂന്നുപേർ സംബന്ധിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സി. ഗിൽബർട്ട് പാലക്കാട്ടുകുന്നേൽ

പാലാ രൂപതയിലെ ഇടമറുക് ഇടവകയിൽ പാലയ്ക്കാട്ടുകുന്നേൽ പരേതരായ അബ്രാഹം - ഏലിയാമ്മ ദമ്പതികളുടെ അഞ്ചു മക്കളിൽ മൂന്നാമത്തെ മകളായി 1934 ജൂൺ 7-ാം തീയതി സി. ഗിൽബർട്ട് ഭൂജാതയായി. മാമ്മോദീസായിൽ ത്രേസ്യാ എന്ന നാമം സ്വീകരിച്ചു. ഗിൽബർട്ടമ്മ ഹോമിയോ മെഡിസിൻ പഠിച്ചശേഷം ഈശോയുടെ തിരുഹൃദയത്തിന്റെ വിളി ശ്രവിച്ച് 1960 ജൂൺ 15-ാം തീയതി പാലാ എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ അംഗമായിച്ചേർന്നു. 1962 ഏപ്രിൽ 24-ാം തീയതി ആദ്യവ്രതം അനുഷ്ഠിച്ച ഗിൽബർട്ടമ്മ 1965 മെയ് 20-ാം തീയതി നിത്യവ്രതവാഗ്ദാനം ചെയ്തു. ചക്കാമ്പുഴ, വയലാ, മേലുകാവ് എന്നീ ഹോസ്പിറ്റലുകളിലായി 30 വർഷം ഫാർമസിസ്റ്റായി സേവനമനുഷ്ഠിച്ച ഗിൽബർട്ടമ്മ തുടർന്ന് നീലൂർ, പാലാ, കുമ്മണ്ണൂർ, മൂലമറ്റം, അറക്കുളം എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു. മിഷനറി ചൈതന്യം വിളങ്ങിയിരുന്ന സി. ഗിൽബർട്ട് ഗുജറാത്തിലെ മോർവിയിലും മധ്യപ്രദേശിലെ അംസേനായിലും സേവനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതയിലെ വെളിയനാട് ഇടവകയിലും അമ്മ സേവനമനുഷ്ഠിച്ചു.

12 വർഷത്തോളം നരിയങ്ങാനത്ത് ഇടവകശുശ്രൂഷയിൽ വ്യാപൃതയായിരുന്ന അമ്മ, രോഗത്തിന്റെ ബുദ്ധിമുട്ടുകൂടിയപ്പോൾ മൂലമറ്റം

മഠത്തിലേക്കു താമസം മാറി. 2020–21 ലെ കോവിഡ് മഹാമാരി അമ്മ യുടെ ആരോഗ്യത്തെ കൂടുതൽ മോശമാക്കി. ക്ഷീണം വർദ്ധിച്ചതിനെ ത്തുടർന്ന് കൂടുതൽ പരിചരണാർത്ഥം ചക്കാമ്പുഴ എസ്.എച്ച്. ഭവനി ലേക്കു സ്ഥലം മാറ്റി. മൂന്നുമാസത്തോളം തീർത്തും രോഗാവസ്ഥയിലാ യിരുന്ന അമ്മ, 30–6–2022 വ്യാഴാഴ്ച ഇഹലോകവാസം വെടിഞ്ഞു.

മൃതസംസ്കാരശുശ്രൂഷകൾ 30–ാം തീയതി വ്യാഴാഴ്ച ഉച്ചക ഴിഞ്ഞ് മൂന്നുമണിക്ക് മൂലമറ്റം ചാപ്പലിൽ വിശുദ്ധ കുർബാനയോടെ ആരം ഭിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിലിന്റെ മുഖ്യകാർമികത്വത്തിൽ മൃതദേഹം മൂലമറ്റം പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JULY 2022

| | | |
|---|---|---|
| 01 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 02 | 10.00 am | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ മെറിറ്റ് ഡേ സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 03.30 pm | പാലാ സെന്റ് തോമസ് പ്രസ്സിൽ ദുക്റാനത്തിരുനാളിനോടനുബന്ധിച്ചുള്ള വെഞ്ചെരിപ്പുകർമത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 03 | 03.00 pm | പാലാ കത്തീഡ്രലിൽ ദുക്റാനത്തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. |
| 04 | 12.15 pm | ളാലം പുത്തൻപള്ളി ഇടവകയിൽ മരുതോലിൽ ശ്രീ ജോയിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | കൂത്രപ്പള്ളി ഗ്രീൻവാലി എസ്റ്റേറ്റ് സന്ദർശിച്ചു. |
| 05 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | ളാലം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ കെ.സി.എസ്.എൽ. സംഘടനയുടെ രൂപതാതല പ്രവർത്തനോദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു. |
| 06 | 09.30 am | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| | 10.00 am | ജയ്ഗിരി ഇടവകയിൽ കന്നുതൊട്ടിയിൽ ശ്രീമതി എലിക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ പാലാ അൽഫോൻസ കോളജിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 07 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റി റ്റ്യൂട്ടിൽ വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗ മായുള്ള സെമിനാറിൽ സംബന്ധിച്ചു. |
| | 09.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 08 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 09 | 10.00 am | നീറന്താനം ഇടവകയിൽ നടയ്ക്കൽ ശ്രീ തൊമ്മൻ ചാണ്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവന ത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 12.00 noon | പ്രവിത്താനം ഫൊറോനയിൽ വിവാഹവാഗ്ദാന ത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയമന്ദിരത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിക്കു കയും ഉദ്ഘാടനസമ്മേളനത്തിൽ സംബന്ധിക്കു കയും ചെയ്തു. |
| 10 | 04.00 pm | സ്ലീവാപുരം ഇടവകയിൽ ഭവനത്തിന്റെ വെഞ്ചെരിപ്പു കർമത്തിൽ സംബന്ധിച്ചു. |
| 11 | 10.00 am | മരങ്ങോലി ഇടവകയിൽ പാലയ്ക്കത്തടത്തിൽ ബഹു മാനപ്പെട്ട ജെയിംസച്ചന്റെ പിതാവ് ശ്രീ ചാക്കോ കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 11.15 am | പാലാ കത്തീഡ്രലിൽ പുഞ്ചക്കുന്നേൽ ശ്രീ പി.കെ. ഫ്രാൻസിസിന്റെ ഭൗതികദേഹത്തിനരികിൽ അന്തി മോപചാരമർപ്പിച്ചു പ്രാർത്ഥിച്ചു. |
| | 04.00 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ ഇടവ കയിൽ ഹോം പാലായുടെ ഭാഗമായി പണിപൂർത്തിയാ ക്കിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 05.00 pm | മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിൽ പുതുതായി സ്ഥാപിച്ച സി.റ്റി. സ്കാനിംഗ് മെഷീന്റെ ആശീർവാദകർമം നിർവഹിച്ചു. |
| 12 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ എഡിസിപി മീറ്റിംഗിൽ സംബ ന്ധിച്ചു. |

| | | |
|---|---|---|
| 13 | 02.30 pm | ബിഷപ്സ് ഹൗസിൽ സംഘടനാനേതൃസമ്മേളനത്തിൽ സംബന്ധിച്ചു. |
| 14 | 11.00 am | പറത്താനം ഇടവകയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പണിപൂർത്തിയാക്കിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 15 | 08.00 am | തിരുവനന്തപുരം അതിരൂപത പട്ടം കത്തീഡ്രലിൽ സീറോ മലങ്കര കാത്തലിക് മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയിലെ മെത്രാഭിഷേകത്തിൽ സംബന്ധിച്ചു വചനസന്ദേശം നൽകി. |
| 17 | 11.00 am | രത്നഗിരി ഇടവകയിൽ അരിമാലിൽ ശ്രീമതി ത്രേസ്യാമ്മ ജോണിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 17-21 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ രൂപത വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 19 | 10.45 am | ഭരണങ്ങാനം അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ തിരുനാളിന് കൊടിയേറ്റി സന്ദേശം നൽകി. |
| | 11.45 am | പൈക ഇടവകയിൽ കളപ്പുരയ്ക്കൽ ശ്രീ കെ.റ്റി. മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 25 | 03.30 pm | മുത്തോലി ഇടവകയിൽ ഭവനത്തിന്റെ വെഞ്ചെരിപ്പു കർമ്മം നിർവഹിച്ചു. |
| 26 | 11.30 am | പാലാ സെന്റ് തോമസ് ബി.എഡ്. കോളജിൽ സമഗ്ര സാക്ഷരപാലാ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 27 | 05.00 pm | ഭരണങ്ങാനം ഫൊറോനയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 29 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| 30 | 10.30 am | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവാസി കുടുംബസംഗമസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 02.00 pm | തിരുമാറാടി ഇടവകയിൽ പെരുമറ്റം ശ്രീ പി.എം. പൗലോസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 06.30 pm | അരുണാപുരം പാരിഷ് ഹാളിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 07.30 pm | കാഞ്ഞിരപ്പള്ളി രൂപത വഞ്ചിമല ഇടവകയിൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ സഹോദരി നരിതൂക്കിൽ ശ്രീമതി ലില്ലിക്കുട്ടിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 31 | 10.00 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 10.45 am | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.15 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രത്തിൽ ദിവംഗതനായ ആർച്ചുബിഷപ് റൈറ്റ് റവ. ഡോ. ജോസഫ് മിറ്റത്താനിയുടെ അനുസ്മരണാർത്ഥം അർപ്പിച്ച വിശുദ്ധ കുർബാനമധ്യേ അനുസ്മരണസന്ദേശം നൽകുകയും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JULY 2022

| | | |
|---|---|---|
| 01 | 10.30 am | പാലാ കത്തീഡ്രലിൽ പരിപ്പിക്കുന്നേൽ ശ്രീ മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 01.00 pm | പൈക ഇടവകയിൽ ബഹുമാനപ്പെട്ട സിസ്റ്റർ ലില്ലി നരിതൂക്കിലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 02 | 11.00 am | കുറുമണ്ണ് ഇടവകയിൽ സി. ചൈതന്യ എസ്.എം.എസ്.ന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. അഞ്ചു കുട്ടികളുടെ ആഘോഷമായ വിശുദ്ധ കുർബാനസ്വീകരിണത്തിന് കാർമികത്വം വഹിച്ചു. |
| | 02.00 pm | കിഴപറയാർ ഇടവകയിൽ വെള്ളാപ്പാട് ശ്രീമതി റോസമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 03.30 pm | പാലാ സെന്റ് തോമസ് പ്രസ്സിൽ ദുക്റാനത്തിരുനാളിനോടനുബന്ധിച്ചുള്ള വെഞ്ചെരിപ്പുകർമത്തിൽ സംബന്ധിച്ചു. |
| | 06.30 pm | പ്ലാശനാൽ ഇടവകയിൽ ഞള്ളംമ്പുഴ ശ്രീമതി റോസമ്മ തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 06.15 am | പാലാ മാർ അപ്രേം സെമിനാരിയിൽ റാസ കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| | 11.00 am | അഡാർട്ടിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 03.00 pm | അരുവിത്തുറ ഫൊറോനയിൽ കത്തോലിക്ക കോൺഗ്രസ്സിന്റെ സമുദായസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 05 | 06.15 am | വിവാഹ ഒരുക്ക സെമിനാറിൽ വിശുദ്ധ കുർബാന യർപ്പിച്ചു സന്ദേശം നൽകി. |
| | 10.00 am | ഫാ. സ്റ്റാൻ സ്വാമിയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ഡി.സി.എം.എസ്സും പാലാ ബ്ലഡ് ഫോറവും സംയുക്തമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പ് ഉദ്ഘാടനം ചെയ്തു. |
| 6 | 03.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 7 | 03.00 pm | ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്തൻ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 8 | 03.00 pm | ഭരണങ്ങാനം ഇൻഫാം ഓഫീസിൽ ശ്രീ അന്തീനാട് ജോസിനെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. |
| | 06.30 pm | എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം (YATP) ഉദ്ഘാടനം ചെയ്തു. |
| | 08.30 pm | കുമാരനെല്ലൂരിൽ നടന്ന ഡി.സി.എം.എസ്. മീറ്റിംഗിൽ പങ്കെടുത്തു. |
| 09 | 09.45 am | പാലാ സെന്റ് തോമസ് കോളജ് ഇൻഡോർ സ്റ്റേഡിയത്തിൽ കോട്ടയം ജില്ലാ ഷട്ടിൽ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. |
| | 10.30 am | ദീപനാളം വാരികയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഏകദിന സാഹിത്യശില്പശാല ഉദ്ഘാടനം ചെയ്തു. |
| | 11.30 am | കുന്നോന്നി ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| 10 | 07.00 am | ഇലപ്പള്ളി ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും സൺഡ് സ്കൂളിൽ കുട്ടികളെ സന്ദർശിച്ച് അവരുമായി സമയം ചെലവഴിക്കുകയും ചെയ്തു. |

| | | |
|---|---|---|
| | 10.00 am | ലൂർദ് മൗണ്ട് ഇടവകയിൽ സൺഡേ സ്കൂളിൽ കുട്ടികളെ സന്ദർശിച്ചു. |
| | 11.00 am | ജോസ്മൗണ്ട് (ഇല്ലിചാരി) ഇടവകയിലെ സൺഡേ സ്കൂളിൽ കുട്ടികളെ സന്ദർശിച്ചു. |
| 11 | 07.45 am | പാലാ കത്തീഡ്രലിൽ പുഞ്ചക്കുന്നേൽ ശ്രീ പി.കെ. ഫ്രാൻസിസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.45 am | മരങ്ങോലി ഇടവകയിൽ പാലയ്ക്കത്തടത്തിൽ ബഹുമാനപ്പെട്ട ജെയിംസ് അച്ചന്റെ പിതാവ് ശ്രീ ചാക്കോ കുര്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | മേവിട ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 12.45 pm | നീറന്താനം ഇടവകയിൽ കച്ചിറമറ്റത്തിൽ ശ്രീ കെ. എം. സെബാസ്റ്റ്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 01.15 pm | ചക്കാമ്പുഴ ഇടവകയിൽ മുറിഞ്ഞാനാൽ ശ്രീ ഫ്രാൻസിസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 05.00 pm | നീലൂർ ഇടവകയിൽ കൊട്ടാരംകുന്നേൽ ശ്രീമതി ചിന്നമ്മ ജോർജിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 14 | 10.00 am | പാലായിൽ ഒരു വ്യാപാരസ്ഥാപനത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 11.00 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | കടനാട് സ്കൂളിലെ മെറിറ്റ് ഡേ സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 16 | 06.15 am | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 11.00 am | മണ്ണാറപ്പാറ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | കോട്ടയത്തു നടന്ന ട്രാഡായുടെ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 07.00 pm | രത്നഗിരി ഇടവകയിൽ അരിമാലിൽ ശ്രീമതി ത്രേസ്യാമ്മയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 17 | 08.30 am | എടാട് ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 19 | 10.45 am | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്ര ത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളി നോടനുബന്ധിച്ച് കൊടിയേറ്റുകർമത്തിൽ സംബന്ധി ക്കുകയും വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. |
| 20 | 04.00 pm | ചങ്ങനാശ്ശേരി അതിരൂപത കുടമാളൂർ ഫൊറോന യിൽ പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| 21 | 09.15 am | പാലാ അൽഫോൻസ കോളജിൽ മീറ്റിംഗിൽ സംബ ന്ധിച്ചു. |
| | 10.30 am | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ന ടന്ന സഭാവസ്ത്രസ്വീകരണത്തിനു മുഖ്യകാർമി കത്വം വഹിച്ചു. |
| | 02.30 pm | വിളക്കുമാടം സ്കൂളിൽ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. |
| 22 | 02.00 pm | ചേർപ്പുങ്കൽ സ്കൂളിൽ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. |
| 23 | 09.15 am | ഭരണങ്ങാനം അൽഫോൻസ തീർത്ഥാടനകേന്ദ്ര ത്തിൽ തിരുവനന്തപുരം പോങ്ങുംമൂട് വിശുദ്ധ അൽ ഫോൻസാതീർത്ഥാടനകേന്ദ്രത്തിലേക്കുള്ള ദീപ ശിഖാപ്രയാണം ഉദ്ഘാടനം ചെയ്തു. |
| | 11.00 am | ചേർപ്പുങ്കൽ ഫൊറോനയിൽ വിവാഹം ആശീർവ ദിച്ചു. |
| | 04.00 pm | കിഴതടിയൂർ ഇടവകയിൽ കിഴക്കേക്കര ശ്രീ കെ. സി. സെബാസ്റ്റ്യൻ അനുസ്മരണയോഗത്തിൽ പങ്കെടുത്തു. |
| 28 | 10.15 am | കോതമംഗലം രൂപത ഉപ്പുകുന്ന് ഇടവകയിൽ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബ ന്ധിച്ചു വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| 30 | 10.30 am | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവാസി കുടുംബസംഗമസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 11.30 am | തിരുമാറാടി ഇടവകയിൽ പെരുമറ്റം ശ്രീ പി.എ. പൗലോസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | പൂവരണി ഇടവകയിൽ അൽഫോൻസ വിദേശ ഭാഷാ അക്കാഡമിയുടെ മൂന്നാം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 04.15 pm | ഭരണങ്ങാനം ഇടവകയിൽ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 05.30 pm | മുട്ടുചിറ ഫൊറോനയിൽ വിവാഹവാഗ്ദാനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 31 | 06.30 am | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന എസ്.ഡി.എഫ്.ഐ. കേരള റീജിയണൽ പ്രോഗ്രാമിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |



ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ ഒ.പി.വിഭാഗത്തിന്റെ വെഞ്ചെരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ
നേതൃത്വത്തിൽ  നടന്ന പ്രവാസി കുടുംബസംഗമം അഭിവന്ദ്യ പിതാക്കന്മാർ ഒന്നുചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.



പാലാ രൂപത വൈദികരുടെ ഒന്നാം ബാച്ച് വാർഷികധ്യാനം

2022
AUGUST

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel